UNIVERSITY LIBRARY
16 MAR 1936
MADRAS

# ലക്ഷ്മീഭായി

| പുസ്തകം ൰൧ | ൧൧൧൧ ധനു | ലക്കം ൯ |
|---|---|---|

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്സാംസ്യന്നെ ദീക്ഷിച്ചവരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
‘ലക്ഷ്മീഭായി’ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## ശ്രീമാടമഹീശതിരുനാൾമംഗളം

ശ്രീമൂലംതിരുനാളിൽ വന്നവതരി-
ച്ചുക്കാന്ന ഭാഗ്യോദയ-
ശ്രീമൂലം തിരുമൂപ്പിയന്നു വിലസും
ശ്രീമാടഭൂമീശ്വരൻ
മാമൂലൊത്തു ഭരിച്ചു തൻപ്രജകളിൽ
ക്ഷേമം വളർത്തിച്ചിരം
ഭൂമേലും സുധി കാത്തിടാൻ കനിയണേ
പൂർണ്ണത്രയീശപ്രഭോ!

ലക്ഷ്മീഭായി.

## തൃഷ്ണ

നേരം സന്ധ്യയോടടുത്തു. നദീതീരത്തു രണ്ടു യുവാക്കന്മാർ നിശ്ശബ്ദരായി പക്ഷികളുടെ കളകൂജനം ശ്രദ്ധിച്ചുകൊണ്ടിരുന്നിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ അവരിൽ ഒരാൾ മൌനം ഭഞ്ജിച്ചുകൊണ്ടു ചോദിച്ചു. "ഹൈദർ! നിങ്ങളെന്താണ് ഇതുവരേയും വിവാഹം കഴിക്കുവാൻ ആലോചിക്കാത്തത്? ധനവും സൌന്ദര്യവുമുള്ള നിങ്ങൾ ഈ കാര്യത്തിൽ എന്താണിത്ര അശ്രദ്ധ ഭാവിക്കുന്നതെന്നു വിചാരിച്ചു ഞാൻ അത്ഭുതപ്പെടാറുണ്ട്. നിങ്ങൾക്കെന്താണ് സ്ത്രീകളോട് ആദരവില്ലേ? അവർ നമ്മുടെ സ്നേഹാദരങ്ങൾക്കർഹരല്ലെന്നു വിചാരമുണ്ടോ? ഹൈദർ! എന്റെ വിചാരം എന്തെന്നു പറയാം. സ്ത്രീകളും പുരുഷന്മാരെപ്പോലെതന്നെ നല്ലവരാണെന്നാണ് എന്റെ അഭിപ്രായം: എന്നാൽ സ്ത്രീകളെ ആകാശത്തോളം സ്തുതിക്കുന്ന പതിവ് എനിക്കില്ല. ആട്ടെ, ഇനി നിങ്ങളുടെ കാര്യം പറയൂ. അന്നു ഗുലാംഖാൻ അദ്ദേഹത്തിന്റെ പുത്രിയെ നിങ്ങളോടു വിവാഹം ചെയ്വാൻ ആവശ്യപ്പെട്ടില്ലേ? നിങ്ങൾ അനുകൂലിച്ചു......."

ഇതുവരെ മൌനമായി കേട്ടുകൊണ്ടിരുന്ന ഹൈദർ തടഞ്ഞുകൊണ്ടു പറഞ്ഞു. "മിർആലി! മനുഷ്യഹൃദയത്തിൽ യഥാർത്ഥപ്രേമം ഒരാളോടു മാത്രമേ ഉണ്ടാകയുള്ളു. ഒരാൾക്കു കൊടുത്തുപോയ ഹൃദയം എങ്ങിനെ മറ്റൊരാൾക്കു കൊടുക്കും?" മിർആലി അത്ഭുതത്തോടുകൂടി ഹൈദരിന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു. "ആഹാ! നിങ്ങളുടെ പ്രേമം മുഴുവനും ഒരാൾക്കു കൊടുത്തുകഴിഞ്ഞുവെന്നാണോ ഞാൻ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്?"

ഹൈദർ ദീൎഘനിശ്വാസത്തോടുകൂടി "സ്നേഹിതാ! നിങ്ങളുടെ ഊഹം ശരിയാണ്." മിർആലി സഹതാപത്തോടുകൂടി "ഹൈദർ! നിങ്ങളുടെ പ്രേമചരിത്രം വിരോധമില്ലെങ്കിൽ എന്നോടു പറയൂ. എനിക്കു കേട്ടാൽ കൊള്ളാമെന്നു വളരെ ആഗ്രഹമുണ്ട്."

ഹൈദർ മൌനമായി കുറച്ചുനേരം നദിയിലെ കല്ലോലങ്ങൾ തീരത്തുവന്നടിക്കുന്നതു നോക്കിക്കൊണ്ടിരുന്നു. പിന്നെ ഇങ്ങിനെ പറഞ്ഞു "മിർആലി! നിങ്ങൾ എൻെറ സ്നേഹിതനാണല്ലോ. എൻെറ ഈ ചരിത്രം നിങ്ങളിൽനിന്ന് ഒളിച്ചുവെക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. എന്നാൽ കേൾക്കു."

ഇരുട്ടായി, ചന്ദ്രൻ ഉദിക്കുവാൻ ഇനിയും ഒരു മണിക്കൂർ കഴിയണം. പ്രശാന്തമായ ഒരു നിശ്ശബ്ദത ചുറ്റും വ്യാപിച്ചു. ഹൈദർ തൻെറ കഥ പറയുവാൻ തുടങ്ങി. "മിർആലി! ഞാൻ പറയുവാൻ പോകുന്നത് അഫ്ഗാൻ യുദ്ധകാലത്തു നടന്ന ഒരു കാൎയ്യമാണ്. ഞാൻ തുഷ്മ എന്ന അഫ്ഗാൻയുവതിയെ ആദ്യമായി കണ്ടത് ഒരു അരുവിയുടെ തീരത്തുവെച്ചായിരുന്നു. എനിക്കന്നു വളരെ ക്ഷീണം തോന്നിയിരുന്നു. കുതിരയെ ഒരു വൃക്ഷത്തിന്മേൽ കെട്ടിയിട്ടു കുറച്ചുനേരം വിശ്രമിക്കാമെന്നു കരുതി ഞാൻ ആ അരുവിയുടെ തീരത്തുള്ള ഒരു പാറമേൽ ചാരിയിരുന്നു. എൻെറ തലയ്ക്കുമീതെയുള്ള വൃക്ഷക്കൊമ്പുകളിൽനിന്നു പക്ഷികളുടെ മധുരസ്വരം കേൾക്കാമായിരുന്നു. ഞാൻ യുദ്ധത്തെത്തന്നെ മറക്കുവാനായിട്ടാണ് ഈ ഏകാന്തപ്രദേശത്തു വന്നിരുന്നത്. പക്ഷികളുടെ മധുരാലാപനങ്ങളും കല്ലോലങ്ങളുടെ കളകളാരവവുമല്ലാതെ ഈ പ്രദേശത്തെ പ്രശാന്തതയെ ഭഞ്ജിക്കുവാൻ കൎണ്ണകഠോരമായ തോക്കിൻെറ ശബ്ദമോ രക്ത

പിപാസുക്കളായ ഭടന്മാരുടെ വെല്ലുവിളികളോ ഇല്ല. പരിസരങ്ങളിൽ സുഖദമായ പ്രശാന്തതയിൽ എന്റെ മനസ്സും ലയിച്ചു.

ഈ സമയത്താണ് തുഷ്മ അവിടെ വന്നത്. അവൾ അരുവിയിൽനിന്നു വെള്ളം കൊണ്ടുപോകുവാൻ ആണ് അവിടെ വന്നത്. എന്നെ കണ്ടപ്പോൾ എന്റെ സമീപത്തുവെച്ചിരുന്ന തോക്കു കണ്ടിട്ടായിരിക്കണം അല്പം ശങ്കിച്ചു നിന്നശേഷം തിരിയെ പോകാൻ ഭാവിച്ചു. അതു കണ്ടു ഞാൻ പേടിക്കാനൊന്നുമില്ലെന്ന് അഫ്ഗാൻ ഭാഷയിൽ വിളിച്ചുപറഞ്ഞു. അവളെപ്പററിയുള്ള വൎത്തമാനങ്ങളെല്ലാം ഞാൻ ചോദിച്ചു മനസ്സിലാക്കി. അവൾ സമീപത്തുള്ള കുടിലിൽ വൃദ്ധയായ മാതാമഹിയുടെക്കൂടെയാണ് താമസിച്ചിരുന്നത്. ഒരു സഹോദരൻ അഫ്ഗാൻ സൈന്യത്തിൽ ചേൎന്നു യുദ്ധത്തിന്നുപോയിരിക്കയാണ്.

മിർആലി! അന്നുമുതൽ ഞാൻ വൈകുന്നേരം പതിവായി എന്റെ സൈന്യത്തെ വിട്ടുപിരിഞ്ഞ് ആ അരുവിയുടെ സമീപത്തു പോവുക പതിവായിരുന്നു. അതൊരു നല്ല വിശ്രമസ്ഥാനമായിരുന്നു. സൎവ്വത്ര വൃക്ഷങ്ങളുടെ ശീതളച്ഛായ പാന്ഥന്മാൎക്കു വിശ്രമം നൽകുന്നതിന്നു പൎയ്യാപ്തമായിരുന്നു. അതിന്നുപുറമെ പക്ഷികളുടെ മധുരകൂജനങ്ങൾ ഹൃദയാവൎജ്ജകങ്ങളായിരുന്നു. സൎവ്വോപരി എന്റെ ഹൃദയം കവൎന്ന തുഷ്മ അരുവീതീരത്തു വന്നു എന്നെ കാത്തിരിക്കുക പതിവായിരുന്നു. ആഹാ! ആ ആനന്ദപ്രദങ്ങളായ ദിവസങ്ങൾ! എന്റെ സൈന്യത്തെയുപേക്ഷിച്ചു. തുഷ്മയുടെക്കൂടെ പ്രശാന്തമായ വനാന്തരങ്ങളിൽ വസിക്കുന്നത് എത്ര സുഖപ്രദമാണെന്നെനിക്കു തോന്നി. ഒരു ദിവസം ഞാൻ അവളുടെ മുമ്പിൽ

എന്റെ ഹൃദയം തുറന്നു കാണിച്ചു. പക്ഷെ അവൾ നിരാകരിക്കയാണു് ചെയ്തതു്. വൃദ്ധയായ മാതാമഹിയെ തനിയെ വിട്ടുകൊണ്ടുപോകുന്നതു് അവൾക്കിഷ്ടമായിരുന്നില്ല. ഇങ്ങിനെ വളരെ നാൾ കഴിഞ്ഞു. ഞങ്ങൾ തമ്മിൽ അഭേദ്യമായ ഒരു ദിവ്യബന്ധം ഉണ്ടെന്നു് എനിക്കു തോന്നി.

ഇതുവരെ യഥാർത്ഥത്തിൽ വലിയ യുദ്ധം ഉണ്ടായിരുന്നില്ല. രണ്ടു സൈന്യങ്ങളും പാളയമടിച്ചു കിടന്നിരുന്നു. ഇടയ്ക്കിടെ ചെറിയ യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒടുവിൽ ഭയങ്കരമായ യുദ്ധമാരംഭിച്ചു. അതോടുകൂടി എനിക്കു തുഷ്യയെ കാണുവാൻ പോകുന്നതിനു സൌകര്യം ലഭിക്കാതെയുമായി. പാളയത്തിൽനിന്നു് ഒരു മിനിട്ടുപോലും ഒഴിഞ്ഞുമാറുക സാദ്ധ്യമല്ലായിരുന്നു.

ഒരു ദിവസം എന്റെ ഭടന്മാർ ശത്രുക്കളുടെ ചാരനാണെന്നു ശങ്കിച്ചു് ഒരു അഫ്ഗാൻ യുവാവിനെ എന്റെ മുമ്പിൽ കൊണ്ടുവന്നു. അയാളുടെ മുഖം കണ്ടപ്പോൾ എനിക്കു തുഷ്യയുടെ കോമളമുഖത്തിന്റെ സ്മരണയുണ്ടായി. ആ യുവാവു തുഷ്യയുടെ സഹോദരനാണെന്നു ഞാൻ തീർച്ചയാക്കി. സൈന്യനിയമപ്രകാരം ശത്രുക്കളുടെ ചാരന്മാരെ ജീവനോടെ വെടിവെക്കുകയായിരുന്നു പതിവു്. അയാളെ ശിക്ഷിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയുണ്ടായിരുന്നില്ല. ചാരന്മാൎക്കു സാധാരണയായി കൊടുക്കാറുള്ള വധശിക്ഷ അവന്നും വിധിക്കപ്പെട്ടു.

എന്റെ ഹൃദയം തുടിച്ചു. തുഷ്യയുടെ സ്മരണ വന്നപ്പോഴെല്ലാം എനിക്കവളെ ഒന്നു കാണുവാൻ വളരെ ആഗ്രഹം തോന്നി. പക്ഷെ എന്തുചെയ്യും. സഹോദരന്റെ

മരണത്തിൽ അവൾക്കെത്ര വ്യസനമുണ്ടാകും? ഞാൻ ഇങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കെ ഒരു ഭടൻ വന്നു സലാം ചെയ്തുകൊണ്ടു പറഞ്ഞു "സർദാർ സാഹേബ്! അഫ്ഗാൻയുവാവ് അവിടത്തെ ഒന്നുകൂടി കാണണമെന്ന് ആവശ്യപ്പെടുന്നു." അവനെ എന്റെ മുമ്പിൽ കൊണ്ടുവരുവാൻ ഞാൻ ആജ്ഞാപിച്ചു. എന്റെ മനസ്സിലെ വ്യാകുലതയെ വെളിപ്പെടുത്താതെ ഞാൻ ഗൌരവപൂർവ്വം ചോദിച്ചു. "ഉം നിനക്കെന്താണ് വേണ്ടത്? അഫ്ഗാൻയുവാവ് സലാം ചെയ്തുകൊണ്ടു പറഞ്ഞു. "നിങ്ങൾ ജുമ്മയെ അറിയുമോ? ഞാൻ അവളുടെ സഹോദരനാണ്. അവൾ ഒരെഴുത്തു തന്നയച്ചിട്ടുണ്ട്. പക്ഷെ അത് എന്റെ മരണശേഷമേ നിങ്ങൾ എടുത്തു വായിക്കാവൂ. ഇതാ എന്റെ ബെൽട്ടിന്നിടയിൽ വെച്ചിരിക്കുന്ന ഈ എഴുത്താണ്" എന്നു പറഞ്ഞ് അഫ്ഗാൻ എഴുത്തു തൊട്ടു കാണിച്ചു. "ഞാൻ മരിച്ചശേഷം നിങ്ങൾ അതെടുത്തു വായിച്ചുകൊള്ളണം." ഞാൻ ഒന്നുംമിണ്ടാതെ എഴുത്തിനെപ്പററി ആലോചിച്ചുകൊണ്ടിരുന്നു. ഭടന്മാർ അവനെ വധ്യസ്ഥലത്തേക്കു കൊണ്ടുപോയി. വെടിപൊട്ടുന്ന ശബ്ദം കേട്ടു ഞാൻ മനോരാജ്യത്തിൽനിന്നു ഞെട്ടി ഉണർന്നു. ഹൃദയത്തിൽനിന്നു തള്ളിപ്പുറപ്പെട്ട ഒരു സീൽക്കാരം ഞാൻ പണിപ്പെട്ട് അമർത്തി. ഞാൻ കണ്ണടച്ചു. ജുമ്മയുടെ സുന്ദരരൂപം എന്റെ കണ്ണിനു മുമ്പിൽ നൃത്തം ചെയ്യുന്നു. ഞാൻ അഫ്ഗാൻയുവാവു മരിച്ചു കിടക്കുന്ന സ്ഥലത്തേക്കു ചെന്ന് അവന്റെ ബെൽട്ടിന്നിടയിൽനിന്ന് എഴുത്തെടുത്തു. ഭടന്മാരോടു ശവം മറവുചെയ്വാൻ ആജ്ഞാപിച്ചു.

ഇടിനാദം ഗംഭീരമായി മുഴങ്ങി. മിന്നലും കലശലായുണ്ടായിരുന്നു. ഞാൻ പാളയത്തിൽ ചെന്നിരുന്ന്

എഴുത്തെടുത്തു വായിക്കുവാൻ തുടങ്ങി. അതു ഇസ്മയുടെ കയ്യക്ഷരമാണെന്ന് എനിക്കു കണ്ടയുടനെ മനസ്സിലായി. എഴുത്ത് ഇങ്ങിനെയായിരുന്നു.

"പ്രിയപ്പെട്ട ഹൈദർ!

ഈശ്വരൻെറ ദൃഷ്ടിയിൽ നാം ഭാര്യാഭർത്താക്കളാണ്. എൻെറ സഹോദരൻ അഫ്ഗാൻസൈന്യത്തിലാണെന്നറിയാമല്ലോ. അവനു യുദ്ധം എന്നു പറഞ്ഞാൽ വലിയ ഭയമാണ്. അതുകൊണ്ടു വലിയ യുദ്ധം തുടങ്ങിയപ്പോൾ അവൻ സൈന്യംവിട്ടു ഞങ്ങളുടെ അടുക്കൽ വന്നുചേർന്നു. ഇത് ഒരു അഫ്ഗാൻയോദ്ധാവിന്നു യോജിച്ച പ്രവൃത്തിയല്ലല്ലോ. ഞങ്ങളുടെ കുടുംബക്കാർ ദരിദ്രരാണെങ്കിലും രാജ്യത്തിന്നുവേണ്ടി ജീവനെ ബലികഴിക്കുവാൻ അവർ സന്നദ്ധരായിരുന്നു. എൻെറ അച്ഛനും അമ്മാമനും യുദ്ധം ചെയ്താണ് വീരസ്വർഗ്ഗം പ്രാപിച്ചത്. സഹോദരൻെറ ഈ കൃത്യം അവരുടെ സത്യശസ്സിന്ന് ഒരു കളങ്കമായിത്തീർന്നു. എനിക്കതു സഹിക്കാൻ വഹിയാതായി. ഈ കളങ്കത്തെ പരിഹരിക്കുവാൻ ഞാൻ സഹോദരൻെറ വേഷം ധരിച്ചു സൈന്യത്തിൽ ചേർന്നു. ഭാഗ്യത്താൽ എനിക്കും സഹോദരനും ഛായയിൽ വളരെ സാമ്യമുണ്ടായിരുന്നു. അതുകൊണ്ട് എന്നെ ആരും തിരിച്ചറിഞ്ഞില്ല. ഇങ്ങിനെ ഞാൻ അഫ്ഗാൻസൈന്യത്തിൽ ചേർന്നു. പ്രിയപ്പെട്ട ഹൈദർ! പിന്നീടുണ്ടായ കഥ അറിയാമല്ലോ.

എൻെറ അനുജൻ മാതാമഹിയേയുംകൊണ്ട് ഒരു ദൂരദിക്കിൽപോയി താമസിക്കുകയാണ്. അവനെ കണ്ടുപിടിച്ചാലും ശിക്ഷിക്കരുതെന്ന് അവിടുത്തോടു ഞാൻ അപേക്ഷിക്കുന്നു. പാവം. അഹമ്മദ്! അവൻ വലിയ ഭീരുവാണ്.

ഹൈദർ! ഞാൻ അങ്ങയെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് അങ്ങയ്ക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. എനിക്കിനി യാതൊരു ദുഃഖവുമില്ല. അവിടത്തെ കല്പനയനുസരിച്ചു ഞാൻ സന്തോഷത്തോടെ മരിക്കാം. എന്നെപ്പററി വ്യസനിക്കരുത്. ഹൈദർ! ഈശ്വരകൃപയുണ്ടെങ്കിൽ നമുക്ക് ഇനിയൊരു ലോകത്തിൽവെച്ചു പരസ്പരം കാണാം.

ഇഷ്മ''

മിർആലി! ഇതാണ് എൻെറ പ്രേമകഥ എന്നു പറഞ്ഞു ഹൈദർ മൌനമായി ഒരു ദീർഘചിന്തയിൽ ആണ്ടു. മിർആലിയും ഹൈദരുടെ ദുഃഖപര്യ്യവസായിയായ ആ പ്രേമകഥയെപ്പററി ഓരോന്നാലോചിച്ചുകൊണ്ടിരുന്നു നേരം വളരെ വൈകി. ചന്ദ്രൻ ഉദിച്ചുയർന്നിരുന്നു. പുറവും യാതൊരു ശബ്ദവും കേൾക്കുന്നില്ല. ഒടുവിൽ ഹൈദർ ഒരു ദീർഘനിശ്വാസത്തോടെ എഴുന്നേററു. മിർആലിയും ഹൈദരും നദീതീരത്തിൽനിന്ന് അവരവരുടെ ഭവനങ്ങളിലേക്കു തിരിച്ചുപോയി.

പൂതാമ്പിള്ളി മാലതിയമ്മ.

---

## ചില ഭാഷാന്തരങ്ങൾ

(നാരായണീയം)

മതി, ഗുണവശമേഴും ബന്ധ,മമ്മട്ടിലല്ലം-
ത്തളു തരുമമൃതത്തെ,ബ് ഭക്തിയാൽ സക്തി നീങ്ങും;
വിതതസുജനസംഗാൽ ഭക്തി സാധിച്ചിടാമെ-
ന്നിതി കപിലശരീരൻ നീ സ്വമാതാവൊടോതീ.

(ശേഷം ഫ്ര)

ഇത്ഥം നാട്ട്യേന കോപക്കളിയുടയ വിഭോ!
താപനീയാംഖ്യമാകും
ശ്രുത്യന്തത്താൽ പുകഴ്ത്തപ്പെട്ടമുരുമഹിമാ-
വാളിട്ടും ശുദ്ധമൂർത്തേ!
തത്താദൃക്കായ്സമസ്തോത്തരബലമിയലും
നിന്നെയാർ ധിക്കരിപ്പോൻ!
'സ്വാസ്ഥ്യം പ്രഹ്ളാദബന്ധോ! പവനപുരപതേ!
ചേർത്തു കാത്താലുമെന്നെ.

(ദശകം ൨൫)

സുരാജനകൾ നല്കിയോരതിവിശിഷ്ടഹാരത്തെയാ-
ഹരാംശഭവനായിട്ടും മുനി കൊടുത്തു ദേവേന്ദ്രനായ്
കരീന്ദ്രനതുലസ്സുവേ യതി ശപിച്ചു കോപാന്ധനായ്;
വരാശമഗ്ലണം വിഭോ! തുടിതരാംശജക്കാക്കമേ.

(ദശകം ൨൭)

നന്ദ്യാനിൻ പാർത്ത കേൾക്കേസ്സപദി ചിറകുകൈ-
വന്ന സമ്പാതി ചൊല്ലി-
പ്പിന്നീടംഭോധി ചാടിപ്പുരി ജനകജയെ-
ക്കണ്ടു ദത്താംഗുലീയൻ
ഭിന്നോദ്യാനൻ ഹനിച്ചക്ഷനെയഥ യുധി കെ-
ട്ടേററു ലങ്കേശനെക്ക-
ണ്ടുന്നിദ്രം തല്പുരം ചുട്ടടനനിലസുതൻ
തന്നു തേ മൌലിരത്നം.
ഏറീടും കാമധർമ്മപ്രിയമരുളുമതീ
പാർത്ഥികം തെററു ചെയ്യാ-
ത്തോരെത്തള്ളേണ്ട മട്ടും; നരരെയിതു പഠി-
പ്പിക്കുവാൻ മർത്ത്യനായ് നീ

ധീരാത്മാരാമനങ്ങെക്കെവിടെയഴലത-
ല്ലെങ്കിലങ്ങിഗ്ഗതത്തിൻ-
ഭാരം മേ മാററിയാലും പവനപുരപതേ!
ദേവസത്തെ്വകമൂത്തേ!

(ദശകം ൩൮)

പെരുങ്കപടശാലിയാം മധുഹരൻെറ വന്മായയെ-
ന്നരം, നവമൃണാളിയന്നളിനിയിങ്കൽനിന്നാനപോൽ,
കരങ്ങളൊടു ചേത്തു തൽഭഗിനി പുല്ക്കിടും കുട്ടിയേ
ഹരിച്ച ശിലയിൽ ഭവത്സഹജയെപ്പൊടിച്ചാനവൻ.

(ദശകം ൩൯)

ബലിയുടെയരികിൽപ്പോയ് യാചനം ചെയ്തു മുൻപ-
ന്നിലയിലത ബലാഗ്രത്തിങ്കലായ്ച്ചെയ്തിടാം ഞാൻ
നലമൊടിതു നിനച്ചോ ദേവ! നീ യാചനം വി-
ട്ടലംഘ്യധീഘ്യതാള്യം മോഷണംകൊണ്ടടക്കി.

(ദശകം ൪൮)

അപാശജനഗമ്യനാമജ! വിഭോ! ഭവാനീവിധം
സപാശയിവളാൽ ദൃഢം ജഗതി ബദ്ധനായ്ന്നിതോ
കൃപാലുവിതു മട്ടു നീ വിബുധരാൽ സ്തുതൻ മൽഗദ-
വ്യപായമരുളിത്തുണച്ചിടുക വാതഗേഹേശ! മാം.

(ദശകം ൪൧)

വടക്കുംകൂർ രാജരാജവമ്മരാജാ.

## * ഗീതയെപ്പററി ചില ചിന്തനങ്ങൾ

ഭഗവദ്ഗീത മഹാഭാരതത്തിൻെറ ഒരംശം മാത്ര
മാണ്. ഗീതയെ നല്ലപോലെ മനസ്സിലാക്കേണമെങ്കിൽ
ചില പ്രധാനസംഗതികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

* സ്വതന്ത്രതജ്ജമ.

ഗീത വാസ്തവത്തിൽ മഹാഭാരതത്തിന്റെ ഒരു ഭാഗംതന്നെയാണോ? അഥവാ, വേദവ്യാസൻതന്നെയാണോ ഗീതാകർത്താവ്? അതോ, മററു വല്ലവരും രചിച്ചു മഹാഭാരതത്തിൽ ചേർത്തിട്ടുള്ളതാണോ? കൃഷ്ണൻ എന്ന പേരിൽ ഒരു ചരിത്രപുരുഷൻ ഉണ്ടായിരുന്നുവോ? ഗീതയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ കുരുക്ഷേത്രത്തിൽ വെച്ചു യുദ്ധം വാസ്തവത്തിൽ നടന്നിട്ടുണ്ടോ? അർജ്ജുനനും മററും ചരിത്രപുരുഷന്മാർതന്നെയോ? എന്നെല്ലാമാണ് ചിന്തനീയവിഷയങ്ങൾ.

ഇത്തരം സംശയങ്ങൾ നേരിട്ടതിന്നുള്ള കാരണം ഒന്നാമതായി ആലോചിക്കാം. വേദവ്യാസൻ എന്ന പേരിൽ പലരും ഉണ്ടായിട്ടുണ്ട്. അവരിൽ ബാദരായണവ്യാസനോ ദ്വൈപായനവ്യാസനോ ആരായിരുന്നിരിക്കണം ഗീതാകർത്താവ്? വ്യാസൻ എന്നത് ഒരു സ്ഥാനപ്പേർ മാത്രമായിരുന്നു. വിക്രമാദിത്യൻ എന്നതുപോലെ പുതിയ പുരാണങ്ങളുണ്ടാക്കുന്നവരെയെല്ലാം 'വ്യാസൻ' എന്ന പേർ ചേർത്തു സംബോധനം ചെയ്യാറുണ്ട്.

പിന്നെ ശ്രീമദ് ശങ്കരാചാര്യസ്വാമികൾ അദ്ദേഹത്തിന്റെ ഗീതാഭാഷ്യം രചിക്കുന്നതുവരെ സാധാരണജനങ്ങളിൽ അധികംപേരും ഗീതയെപ്പററി കേട്ടിട്ടുതന്നെയുണ്ടായിരുന്നില്ല. ശാങ്കരഭാഷ്യത്തിന്നു മുമ്പുതന്നെ ബോധായനന്റെ വ്യാഖ്യാനം പ്രചാരത്തിലുണ്ടായിരുന്നുവെന്നു ചിലർ പറയുന്നുണ്ട്. ഇതു തെളിയിക്കാമെങ്കിൽ ഗീതയുടെ പൌരാണികത്വത്തെപ്പററിയും വ്യാസമഹർഷിയുടെ ഗ്രന്ഥകർത്തൃത്വത്തെപ്പററിയുമുള്ള സംശയം തീർക്കാവുന്നതാണ്. പക്ഷെ ബോധായനന്റെ വേദാന്തസൂത്രഭാഷ്യം വളരെ കാലംമുമ്പുമുതൽക്കുതന്നെ സുപ്രസിദ്ധമാണെങ്കിലും ആ ഭാഷ്യത്തിന്റെ ഒരു പ്രതി

യെങ്കിലും കിട്ടുവാൻ രാമാനുജാചാര്യരുടെ കാലത്തുകൂടി അതിപ്രയാസമായിരുന്ന സ്ഥിതിക്കു ബോധായനന്റെ ഗീതാഭാഷ്യം രചിക്കപ്പെട്ടിരുന്നുവോ എന്നുതന്നെ നിശ്ചയിക്കുവാൻ ഒരു തെളിവും ഇല്ലാത്തതിൽ അതിശയിക്കാനില്ല. ശ്രീമദ് ശങ്കരാചാര്യസ്വാമികൾതന്നെയാണ് ഗീതാകർത്താവെന്നും അദ്ദേഹംതന്നെയായിരിക്കണം അതു മഹാഭാരതത്തിൽ കൂട്ടിച്ചേർത്തതെന്നും ചിലക്കു പക്ഷമുണ്ട്. ഇത്തരം ഊഹങ്ങളല്ലാതെ ഗീതാകർത്താവു വ്യാസമഹർഷിയോ അല്ലയോ എന്നു തെളിയുവാൻ ഒരു മാർഗ്ഗവും കാണുന്നില്ല.

ഇനി കൃഷ്ണന്റെ വ്യക്തിത്വത്തെപ്പറ്റിതന്നെ സംശയമുണ്ട്. ഛാന്ദോഗ്യോപനിഷത്തിൽ ദേവകീപുത്രനായ കൃഷ്ണനു ഘോരയോഗിയിൽനിന്ന് ആദ്ധ്യാത്മികവിദ്യാഭ്യാസം സിദ്ധിച്ചുവെന്നു പ്രസ്താവിച്ചുകാണുന്നുണ്ട്. മഹാഭാരതത്തിൽ കൃഷ്ണനെ ദ്വാരകയിലെ രാജാവായിട്ടും, വിഷ്ണുപുരാണത്തിൽ അദ്ദേഹം ഗോപസ്ത്രീകളുമായി ക്രീഡിക്കുന്നതായും വിസ്തരിക്കുന്നുണ്ട്. ഭാഗവതത്തിൽ ശ്രീകൃഷ്ണന്റെ രാസലീല എത്രയും സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭാരതഭൂമിയിൽ പഴയ കാലംമുതല്ക്കുതന്നെ മദനോത്സവം എന്ന ഒരു ഉത്സവം നടപ്പുണ്ടായിരുന്നു. ഈ ആഘോഷത്തിന്നു 'ദോളാ' എന്ന പേർ കൊടുത്തു ശ്രീകൃഷ്ണന്റെ രാസക്രീഡയാണെന്നു സങ്കല്പിച്ചതായിരിക്കുമോ എന്നാണ് സംശയം. കൃഷ്ണനോടനുബന്ധമായി വിശ്വസിച്ചുപോരുന്ന പല കാര്യങ്ങളും നിർമ്മിതകഥകളല്ലെന്ന് എങ്ങിനെ വിശ്വസിക്കാം? നമ്മുടെ രാജ്യത്തു പഴയ കാലങ്ങളിൽ സംഗതികളുടെ ചരിത്രവസ്തുതയെ കണ്ടുപിടിക്കുവാൻ ശ്രമിക്കുക എന്ന പതിവുണ്ടായിരുന്നില്ല. അതുകൊണ്ട് ഓരോരുത്തരുടെ സാമ

ത്ഥ്യംപോലെയും മനോധർമ്മംപോലെയും കെട്ടുകഥകൾ നിർമ്മിച്ച് അവയുടെ വാസ്തവം തെളിയിക്കുവാൻ ശ്രമിക്കാതെതന്നെ ജനങ്ങളെ വിശ്വസിപ്പിക്കുവാൻ എളുപ്പമായിരുന്നു. അതിന്നുംപുറമെ, കീർത്തിക്കും പേരിന്നുംവേണ്ടിയുള്ള അത്യാഗ്രഹം അന്നാർക്കും ഉണ്ടായിരുന്നില്ലാത്തുകാരണം പലപ്പോഴും ഓരോരുത്തർ ഗ്രന്ഥങ്ങൾ രചിച്ച് അവരവരുടെ ഗുരുക്കന്മാരുടെ പേരിലൊ മററൊ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ചരിത്രാന്വേഷകന്മാർക്ക് വാസ്തവം കണ്ടുപിടിക്കുവാൻ വളരെ ബുദ്ധിമുട്ടായിത്തീരും. പൌരാണികകാലങ്ങളിലെ ജനങ്ങൾക്കു ഭൂമിശാസ്ത്രത്തെക്കുറിച്ചു തീരെ അറിവില്ലായിരുന്നതുകൊണ്ട് അവർ ഓരോരുത്തരുടേയും കല്പനാസാമർത്ഥ്യത്തിന്നനുസരിച്ചു മധുരസാഗരം പാൽക്കടൽ നെയ്ക്കടൽ തൈർസമുദ്രം മുതലായ വിചിത്രവസ്തുക്കൾ സൃഷ്ടിച്ചിട്ടുണ്ട്. പതിനായിരം വർഷവും ലക്ഷം വർഷവും ജീവിച്ചിരുന്ന ആളുകൾ പുരാണങ്ങളിൽ സുലഭമാണ്. എന്നാൽ വേദങ്ങളിൽ പറയുന്നതു "ശതായുർവ്വൈ പുരുഷഃ" മനുഷ്യായുസ്സു നൂറുവർഷമാണെന്നാണ്. ഇതിൽ ആരെയാണ് നാം വിശ്വസിക്കേണ്ടത്? അതുപോലെ കൃഷ്ണനെ സംബന്ധിച്ച് ഒരു ശരിയായ തീർപ്പ് അസാദ്ധ്യമാണ്.

മഹാന്മാർക്ക് മാനുഷാതിഗങ്ങളായ ഗുണങ്ങളും ശക്തികളും കല്പിച്ചുകൊടുക്കുന്നതു മനുഷ്യസ്വഭാവമാണ്. കൃഷ്ണനെ സംബന്ധിച്ചിടത്തോളവും ഇതുതന്നെയായിരിക്കണം സംഭവിച്ചിട്ടുള്ളതെങ്കിലും അദ്ദേഹം ഒരു രാജാവായിരുന്നുവെന്നതു സംഭാവ്യമാണ്. പൌരാണികകാലത്തു ബ്രഹ്മജ്ഞാനോപദേശം നല്കാറുള്ളത് അധികവും രാജാക്കന്മാരായിരുന്നതുകൊണ്ടാണ് ഇതു സംഭ

വിക്കാവുന്നതാണെന്നു പറഞ്ഞത്. പിന്നെ ഗീതാകൎത്താവ് ആർതന്നെയായിരുന്നാലും ഗീതയിലേയും മഹാഭാരതത്തിലേയും സിദ്ധാന്തങ്ങൾ ഒന്നുതന്നെയാണെന്നുള്ളതിന്നു സംശയമില്ല. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു മഹാഭാരതകാലത്തു ചില മഹാന്മാർ ഉണ്ടായിരുന്നിരിക്കാമെന്നും അവർ അന്നത്തെ സമുദായത്തിന്ന് ഈ പുതിയ സമ്പ്രദായത്തിൽ ബ്രഹ്മജ്ഞാനം ഉപദേശിച്ചതായിരിക്കണമെന്നുമാണ്. പ്രാചീനകാലത്തു മതവിഭാഗങ്ങൾ ഓരോന്നായി ജനിച്ചതോടുകൂടി ഓരോ വിഭാഗത്തിന്നും ഓരോ പുതിയ വേദഗ്രന്ഥം രചിക്കപ്പെട്ടിരുന്നു എന്നുംകൂടി വ്യക്തമാകുന്നുണ്ട്. കാലക്രമേണ ഓരോന്നായി മതവിഭാഗങ്ങളും വേദപുസ്തകങ്ങളും നശിച്ചുപോകുകയോ മതം നശിച്ചു വേദപുസ്തകം മാത്രം ശേഷിക്കുകയോ ചെയ്യുന്നതായി കാണാം. അതുപോലെ ഗീതയും ഏതോ ഒരു മതവിഭാഗത്തിൻെറ വേദഗ്രന്ഥമായിരുന്നിരിക്കാം. ആ മതവിഭാഗത്തിൻെറ മഹനീയാദൎശങ്ങളും ആശയങ്ങളും മുഴുവൻ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരുന്നിരിക്കണം.

ഇനി മൂന്നാമത്തെ സംഗതി കുരുക്ഷേത്രത്തിലെ യുദ്ധത്തെസ്സംബന്ധിച്ചാണ്. ഈ സംഭവം വാസ്തവമാണെന്നതിന്ന് ഒരു പ്രത്യേകതെളിവും കാണുന്നില്ല. പക്ഷെ പാഞ്ചാലന്മാരും കൌരവന്മാരും തമ്മിൽ യുദ്ധമുണ്ടായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല.

പുറമെ യുദ്ധം ആരംഭിക്കുന്നതിന്നുള്ള കാഹളധ്വനിയും കാത്തു യുദ്ധം ചെയ്യുവാൻ തയ്യാറായി രണഭൂമിയിൽ നില്ക്കുന്ന അവസരത്തിൽ എങ്ങിനെയാണ് ജ്ഞാനം ഭക്തി മുതലായ പ്രൌഢവിഷയങ്ങളെക്കുറിച്ച് ഇത്രയും ദീൎഘമായ വാദപ്രതിവാദത്തിന്നു സൌകൎയ്യം ല

ഭിക്കുന്നത്? യുദ്ധക്കളത്തിലെ ലഹളയ്ക്കിടയിൽ ശ്രീകൃഷ്ണനും അർജ്ജുനനും പറയുന്നതു മുഴുവൻ ഒരൊററ വാക്കുപോലും വിടാതെ എഴുതിയെടുപ്പാൻ അവിടെ വല്ല ചുരുക്കെഴുത്തുകാരനും ഉണ്ടായിരുന്നുവോ? ഇത്തരം സംശയങ്ങൾക്കൊന്നും തൃപ്തികരമായ യാതൊരു സമാധാനവും ലഭിക്കുന്നില്ല.

ചിലരുടെ അഭിപ്രായം ഈ കുരുക്ഷേത്രയുദ്ധം വെറും ഒരു രൂപകം മാത്രമാണെന്നാണ്. ഇതിന്റെ ആന്തരാർത്ഥം ആലോചിക്കുന്നപക്ഷം ഇത് ഓരോ മനുഷ്യന്റെയും അന്തരംഗത്തിൽ സത്യും അസത്യും തമ്മിൽ എപ്പോഴും നടക്കുന്ന യുദ്ധമാണെന്നു വിചാരിക്കാവുന്നതാണ്. ഈ അർത്ഥം തീരെ യുക്തിഹീനവുമല്ല.

ഇനി നാലാമത്തെ സംശയത്തെപ്പററി ആലോചിക്കാം. അർജ്ജുനാദികളുടെ അസ്തിത്വത്തെ സംബന്ധിച്ചു ധാരാളം സംശയത്തിന്നു വഴിയുണ്ട്. ശതപഥബ്രാഹ്മണം ഒരു പൌരാണികഗ്രന്ഥമാണ്. അതിൽ അശ്വമേധയജ്ഞകർത്താക്കളുടെ പേരുകൾ കൊടുത്തിട്ടുണ്ട്. അതിൽ പരീക്ഷിത്തിന്റെ പുത്രനും അർജ്ജുനന്റെ പൌത്രനുമായ ജനമേജയനെപ്പററി പറഞ്ഞിട്ടുണ്ടെങ്കിലും അർജ്ജുനനോ യുധിഷ്ഠിരനോ അശ്വമേധയാഗം ചെയ്തതായി പ്രസ്താവിച്ചുകാണുന്നില്ല. ജനമേജയന്റെ പേർ ചേർത്ത സ്ഥിതിക്ക് എന്തുകൊണ്ട് അർജ്ജുനാദികളുടെ പേരുകൾ ചേർത്തില്ല എന്ന ചോദ്യത്തിന്നു മറുപടിയൊന്നും കാണുന്നില്ല.

ധർമ്മപ്രാപ്ത്യുന്മുഖമായ ജ്ഞാനമാകുന്ന നമ്മുടെ പരമോദ്ദേശവും ഈ ചരിത്രഗവേഷണങ്ങളും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നു നാം നല്ലവണ്ണം ഓർമ്മവെക്കണം. ഗീതോപദേശം ചരിത്രസംഭവമല്ലെന്നുതെ

ളിഞ്ഞാൽക്കൂടി നമുക്കു യാതൊരു നഷ്ടവും വരാനില്ല. "എന്നാൽ പിന്നെ എന്താണ് ഈ ചരിത്രഗവേഷണത്തിന്റെ ആവശ്യം" എന്നു ചോദിക്കുമായിരിക്കാം. അജ്ഞാനം ഹേതുവായുണ്ടാകുന്ന അയഥാർത്ഥാശയങ്ങളാൽ നിബദ്ധമായിരിക്കുന്നതു ശരിയല്ല. സത്യം അറിഞ്ഞിരിക്കുന്നത് ഏതുവിധത്തിലായാലും നല്ലതാണല്ലോ.

മതപ്രസംഗമദ്ധ്യേ അസത്യം പറയുന്നതുകൊണ്ടു പ്രസംഗം ആകർഷകമാകുമെങ്കിൽ അസത്യം പറഞ്ഞാൽ ദോഷമില്ലെന്നു ചില മതവിശ്വാസികൾ വിശ്വസിക്കുന്നു. അതുകൊണ്ടായിരിക്കണം നമ്മുടെ തന്ത്രങ്ങൾ മിക്കതും "മഹാദേവൻ പാർവ്വതിയോടു പറഞ്ഞു" എന്നാരംഭിക്കുന്നത്. എന്നാൽ സത്യസ്ഥിതി മനസ്സിലാക്കി സത്യം മാത്രം വിശ്വസിക്കേണ്ടതു നമ്മുടെ ബാദ്ധ്യതയാണ്. മനുഷ്യരുടെ കൈകാലുകൾ കൂട്ടിക്കെട്ടിയപോലെയാകത്തക്കവണ്ണം പ്രാചീനസമ്പ്രദായങ്ങളിലുള്ള സത്യാന്വേഷണം കൂടാതെ കണ്ണടച്ചുള്ള വിശ്വാസം—അഥവാ അന്ധവിശ്വാസത്തിന്റെ പ്രാബല്യം—ക്രിസ്തു മുഹമ്മദ് മുതലായവരെക്കൂടി ബാധിക്കത്തക്കവണ്ണം അത്രയധികമായിരുന്നു.

ഗീതയിൽ എന്തുണ്ട്? ഒരു ഘോരാരണ്യത്തിൽ ഒരു പഥികൻ തീരെ അവിചാരിതമായി അവിടവിടെ ഓരോ സൌരഭ്യമേറിയ മനോഹരപനിനീർപുഷ്പം ഇലകൾ മുള്ളുകൾ വേരുകൾ മുതലായവയോടുകൂടി കെട്ടുപിണഞ്ഞു വളരുന്നതു കാണുന്നതുപോലെ ഉപനിഷത്തുകൾ പഠിക്കുമ്പോൾ പല അപ്രകൃതവിഷയങ്ങളുടേയും മദ്ധ്യത്തിൽ പെട്ടെന്ന് ഒരു പരമധർമ്മത്തിന്റെ പ്രതിപാദനം നമുക്ക് കാണാവുന്നതാണ്. അതിനോടു താരതമ്യപ്പെടുത്തുമ്പോൾ ഭംഗിയുള്ള ഒരു ഹാരംപോലെ

യോ സൌരഭ്യപുഷ്പങ്ങൾകൊണ്ടുള്ള ഒരു ചെണ്ടുപോലെയോ ഗീത ഈ മഹൽസത്യങ്ങൾപോലെ യഥാക്രമം രചിക്കപ്പെട്ടിരിക്കുന്നു. ഉപനിഷത്തുകളിൽ പല സ്ഥലങ്ങളിലും ശ്രദ്ധയെപ്പററി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഭക്തിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുതന്നെയില്ല. പ്രത്യുത ഗീതയിൽ ഭക്തിയെന്ന വിഷയം വീണ്ടുംവീണ്ടും വ്യവഹരിക്കപ്പെട്ടിട്ടുണ്ടെന്നുതന്നെയല്ല അതിൽ ഭക്തിയുടെ നൈസർഗ്ഗികഭാവം പരമകാഷ്ഠയെ പ്രാപിച്ചിട്ടുകൂടിയുണ്ട്.

ഗീതയിൽ പ്രതിപാദിച്ചിട്ടുള്ള ചില മുഖ്യങ്ങളായ ആശയങ്ങളെക്കുറിച്ചു ചിന്തിക്കാം. മററെല്ലാ പൂർവ്വഗങ്ങളായ വേദഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്തമാകത്തക്കവണ്ണം ഗീതയ്ക്കു് എന്താണ് ഒരു അപൂർവ്വതയുള്ളത്? അതിതാണ്—ഗീതയുടെ ആവിർഭാവത്തിന്നു മുമ്പു യോഗം ജ്ഞാനം ഭക്തി ആദിയായ മാർഗ്ഗങ്ങൾക്ക് ഓരോന്നിന്നും വെവ്വേറെ പക്ഷപാതികളുണ്ടായിരുന്നുവെങ്കിലും അവർ ഒരുമയോടുകൂടി വർത്തിക്കുന്നതിന്നുപകരം അവനവൻെറ മാർഗ്ഗത്തിന്നു പ്രഥമസ്ഥാനം പുറപ്പെടുവിച്ച് അന്യോന്യം കലഹിച്ചുകൊണ്ടിരുന്നു. അവരാരുംതന്നെ പ്രഥമദൃഷ്ടിയിൽ വ്യത്യസ്തങ്ങളായ ഈ മാർഗ്ഗങ്ങളുടെ സമീകരണത്തിന്നോ ഏകീകരണത്തിന്നോ ഉദ്യമിച്ചില്ല. ഗീതാകർത്താവാണ് ഇതിന്നൊന്നാമതായി ശ്രമിച്ചതു്. മററു പക്ഷങ്ങളിലുണ്ടാകാവുന്ന ഏററവും നല്ല തത്വങ്ങളെല്ലാം അദ്ദേഹം ഗീതയിൽ ഒന്നിച്ചു ഗ്രഥിച്ചു. ചില സിദ്ധാന്തങ്ങളെ സംബന്ധിച്ചു ശ്രീകൃഷ്ണന്നുപോലും ഒരു പൂർണ്ണസമന്വയം സാദ്ധ്യമായിവന്നിട്ടുണ്ട്. അവ തമ്മിൽ പൂർണ്ണസഖ്യം പത്തൊമ്പതാം നൂററാണ്ടിൽ ശ്രീരാമപരമഹംസരാണ് വരുത്തിയത്.

പിന്നത്തേതു നിഷ്കാമകൎമ്മമാണ്. (പ്രതിഫലേച്ഛ കൂടാതെയുള്ള കൎമ്മം) ഇന്നു ജനങ്ങൾ ഈ വാക്കിന്റെ അൎത്ഥം മനസ്സിലാക്കുന്നതു പലവിധത്തിലാണ്. 'നിസ്സംഗത' എന്നതിന്ന് ഉദ്ദേശഹീനത എന്നാണൎത്ഥമെന്നു ചിലർ പറയുന്നു. ഇതാണ് ശരിയായ സാരമെങ്കിൽ ഹൃദയശൂന്യങ്ങളായ മൃഗങ്ങളും ചൈതന്യരഹിതങ്ങളായ ചുവരുകളുമാണ് ഏററവും വലിയ നിഷ്കാമകൎമ്മയോഗികൾ. മററു ചിലർ ജനകമഹാരാജാവിനെ നിഷ്കാമകൎമ്മയോഗിക്കു മാതൃകയായി കരുതാറുണ്ട്. ഇതു ശരിതന്നെ. പക്ഷെ തങ്ങളും ജനകമഹാരാജാവിനെപ്പോലെ നിഷ്കാമകൎമ്മയോഗികളാണെന്നു കരുതേണമെന്നുംകൂടി ആഗ്രഹിക്കുന്നതാണ് കഷ്ടം. ഇവരോടു പറവാനുള്ളതു ജനകമഹാരാജാവു കൎമ്മയോഗിയായതു സന്താനങ്ങളെ ഉൽപാദിപ്പിച്ചിട്ടല്ല എന്നാണ്. ഇക്കൂട്ടരോ ഒരു കൂട്ടം കുട്ടികളുടെ പിതാക്കന്മാരാണെന്നുള്ളതാണ് ഇവരുടെ ഏകയോഗ്യത! ശരിയായ നിഷ്കാകൎമ്മയോഗി (സംഗരഹിതമായകൎമ്മം ചെയ്യുന്ന ആൾ); ഒരു മൃഗവുമല്ല; അലസനോ ഹൃദയശൂന്യനോ ആകുവാനും പാടില്ല. ആയാൾ താമസികനല്ല; ശുദ്ധസാത്വികനാണ്. ലോകം മുഴുവൻ തന്റെ സ്നേഹംകൊണ്ട് ആശ്ലേഷിക്കാവുന്നവണ്ണം ആ ആളുടെ ഹൃദയം സ്നേഹംകൊണ്ടും സഹാനുഭൂതികൊണ്ടും പരിപൂൎണ്ണമായിരിക്കും. അദ്ദേഹത്തിന്റെ സാൎവ്വജനീനമായ. സ്നേഹവും സഹാനുഭാവവും ലോകത്തിന്ന് അളക്കുവാനെന്നല്ല മനസ്സിലാക്കുവാൻതന്നെ പ്രയാസമാണ്.

ഭിന്നങ്ങളായ ധൎമ്മമാൎഗ്ഗങ്ങൾ തമ്മിലുള്ള സമന്വയം, നിഷ്കാമകൎമ്മം ഇവരണ്ടുമാണ് ഗീതയുടെ മുഖ്യലക്ഷണങ്ങൾ:—

സഞ്ജയ ഉവാച:—

തം തഥാ കൃപയാവിഷ്ടമശ്രുപൂൎണ്ണാകുലേക്ഷണം
വിഷീദന്തമിദം വാക്യമുവാച മധുസൂദനഃ

ശ്രീഭഗവാനുവാച:—

കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതം
അനാൎയ്യജുഷ്ടമസ്വൎഗ്ഗ്യമകീൎത്തികരമൎജ്ജുന!
ക്ലൈബ്യം മാ സ്മ ഗമഃ പാൎത്ഥ നൈതത്ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൌൎബ്ബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ!

സഞ്ജയൻ പറഞ്ഞു.

കൃപാപൂൎണ്ണഹൃദയനും അശ്രുപൂൎണ്ണനേത്രങ്ങളോടുകൂടിയവനും ദുഃഖപീഡിതനുമായ അൎജ്ജുനനോടു ശ്രീകൃഷ്ണഭഗവാൻ ഇപ്രകാരം പറഞ്ഞു.

"അൎജ്ജുന! ആൎയ്യന്മാൎക്കു യോജിക്കാത്തതും അപമാനകരവും മോക്ഷപ്രാപ്തിക്കു വിരുദ്ധമായതുമായ ഈ വിഷാദം ഈ ഘട്ടത്തിൽ എവിടുന്നുണ്ടായി?"

"പാൎത്ഥ! ഇങ്ങിനെ അപൌരുഷം കാണിക്കരുത്. ഇതു നിനക്കു യോജിച്ചതല്ല. നീചമായ ഈ ഹൃദയദൌൎബ്ബല്യം ത്യജിച്ച് എഴുനീല്ക്കൂ."

മേലുദ്ധരിച്ച ശ്ലോകങ്ങളിൽ അൎജ്ജുനന്റെ വാസ്തവാവസ്ഥ എത്ര ഭംഗിയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു! പിന്നെ ശ്രീകൃഷ്ണൻ അൎജ്ജുനന്ന് ഉപദേശം നൽകുന്നു. "ക്ലൈബ്യം മാസ്മ ഗമഃ പാൎത്ഥ" ആദിയായ വാക്കുകൾകൊണ്ടു ശ്രീകൃഷ്ണൻ എന്തിനാണ് അൎജ്ജുനനെ യുദ്ധത്തിന്നു പ്രേരിപ്പിക്കുന്നത്? എന്തിനെന്നാൽ ശുദ്ധസത്വഗുണാതിരേകഫലമായിട്ടല്ല അൎജ്ജുനന്നു യുദ്ധത്തിൽ വൈമനസ്യം ജനിച്ചത്, തമോഗുണഫലമായിട്ടാണ്. ഒരു സാത്വികൻ സുഖത്തിലും ദുഃഖത്തിലും ഒരുപോലെ ശാന്തനായിരിക്കും. എന്നാൽ അൎജ്ജുനന്നു ഭയം തോന്നി. അദ്ദേഹത്തിന്റെ ഹൃദയം ദയാപരിപൂൎണ്ണമായിത്തീൎന്നു യുദ്ധം ചെയ്യേണമെന്നുള്ള ഏകോദ്ദേ

ശത്തോടുകൂടി രണഭൂമിയിലേക്കു ചെന്നതിൽനിന്നുതന്നെ അർജ്ജുനന്നു യുദ്ധം ചെയ്യേണമെന്നുള്ള ആഗ്രഹവും ബോധവും ഉണ്ടായിരുന്നുവെന്നു തെളിയുന്നുണ്ട്.

നമ്മുടെ ജീവിതത്തിലും പലപ്പോഴും ഇതുപോലെ സംഭവിക്കാറുണ്ട്. പലരും തങ്ങൾ സാത്വികന്മാരാണെന്ന് അഭിമാനിക്കും. പക്ഷെ വാസ്തവത്തിൽ അവർ താമസികന്മാരായിരിക്കയും ചെയ്യും. തമോഗുണപ്രധാനമായ ജീവിതം നയിക്കുന്നവരിൽ പലരും തങ്ങൾ പരമഹംസന്മാരാണെന്നു കരുതാറുണ്ട്. പരമഹംസന്മാർ അലസന്മാരെപ്പോലെയോ ഭ്രാന്തന്മാരെപ്പോലെയോ അപവിത്രാത്മാക്കളെപ്പോലെയോ ആണ് ജീവിക്കുകയെന്നു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളതാണ് ഈ തെററിദ്ധാരണയ്ക്കു കാരണം. പരമഹംസന്മാരെ ശിശുക്കളോടുപമിക്കാറുണ്ട്. ഈ ഉപമ ഏകപക്ഷീയമാണ്. പരമഹംസനും ശിശുവും ഒന്നല്ല, ഒരുപോലെയുമല്ല. അവർ തമ്മിൽ വളരെ അന്തരമുണ്ട്. പരമഹംസൻ ജ്ഞാനാതീനാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ശിശുവിന്നാണെങ്കിൽ ജ്ഞാനശകലംപോലും ലഭിച്ചുകഴിഞ്ഞിട്ടില്ല. ജ്യോതിസ്സിൻെറ ഏററവും ശീഘ്രഗതിയിലുള്ള സ്ഫുരണവും ഏററവും മന്ദഗതിയിലുള്ള സ്ഫുരണവും നമ്മുടെ ദൃഷ്ടിക്കു ഗോചരമല്ല. പക്ഷെ ഒന്നിൽ അത്യുഷ്ണവും മററതിൽ തീരെ ചൂടില്ലാത്ത ഒരവസ്ഥയുമാണ്. സത്വം തമസ്സ് എന്നീ രണ്ടു വിരുദ്ധഗുണങ്ങളും ഇതുപോലെയാണ്. ചില സംഗതികളിൽ രണ്ടിന്നും സാമ്യമുണ്ടെന്നു തോന്നുമെങ്കിലും അവ തമ്മിൽ അജഗജാന്തരമുണ്ട്. തമോഗുണം സത്വഗുണത്തിൻെറ രൂപം ധരിക്കുവാൻ ഇഷ്ടപ്പെടുന്നു. ഇവിടെ പരംതപനായ അർജ്ജുനന്ന് ഇതു ദയാരൂപത്തിലാണ് ആവിർഭവിച്ചത്.

അൎജ്ജുനനെ ഗ്രസിച്ചിരുന്ന ഈ മായ നശിപ്പിക്കുന്നതിന്നായി ഭഗവാൻ എന്താണ് പറഞ്ഞത്? ഒരാളെ പാപിയാണെന്നു പറഞ്ഞു പുച്ഛിക്കുന്നതിന്നു പകരം ആയാളുടെ അന്തരാത്മാവിലുള്ള അപാരശക്തിയിലേക്ക് ആയാളുടെ ശ്രദ്ധ പതിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നതുപോലെ ഭഗവാൻ അൎജ്ജുനനോട് "ഇതു നിനക്കു യോജിച്ചതല്ല. നീ അനശ്വരമായി ദോഷാതീതമായ ആത്മാവാണ്. നിൻെറ വാസ്തവസ്ഥിതിമറന്നു ശരീരാസ്വാസ്ഥ്യങ്ങളും ഹൃദയവ്യഥകളുമുള്ള ഒരു പാപിയാണെന്നു വിചാരിച്ചു. നീ നിന്നെത്തന്നെ ഒരു പാപിയാക്കിത്തീൎത്തിരിക്കുന്നു. ഇതു നിനക്കു യോജിച്ചതല്ല!"

വീണ്ടും ഭഗവാൻ പറയുന്നു. "ക്ലൈബ്യം മാ സ്മ ഗമഃ പാൎത്ഥ!" അപൌരുഷത്തിന്നു വിധേയനാകരുതു പാൎത്ഥ! ഈ ലോകത്തിൽ പാപവുമില്ല ദുഃഖവുമില്ല രോഗവുമില്ല. പാപം എന്നു പറയാവുന്ന എന്തെങ്കിലും ഈ ലോകത്തിൽ ഉണ്ടെങ്കിൽ അതു ഭീരുത്വംമാത്രമാണ്. നിന്നിൽ അന്തൎല്ലീനമായി കിടക്കുന്ന ശക്തിയെ ഉയൎത്തത്തക്ക എന്തു ജോലിയും പുണ്യമാണ്. ശരീരത്തേയും മനസ്സിനേയും ക്ഷീണിപ്പിക്കുന്ന ഏതു ജോലിയും പാപമാകുന്നു. ഈ ദൌൎബ്ബല്യത്തെ ത്യജിക്കു. നീ ഒരു വീരനാണ്. ഇതു നിനക്കു യോജിച്ചതല്ല. ഈ സന്ദേശം നിനക്കു പ്രചരിപ്പിക്കുവാൻ സാധിക്കുന്നപക്ഷം രോഗങ്ങളും ദുഃഖവും പാപവും ഭൂമിയിൽ മൂന്നു ദിവസംകൊണ്ടില്ലാതാകും. ഈ ക്ലൈബ്യത്തെപ്പററിയുള്ള വിചാരം തന്നെ ഇല്ലാതാകും. ഇപ്പോൾ ഈ ഭയസ്ഫുരണമാകുന്ന പ്രവാഹത്തിൻെറ ഒഴുക്ക് എല്ലായിടത്തും ഉണ്ട്. ഈ പ്രവാഹത്തിൻെറ ഗതിയൊന്നു മാററണം. ഇതിന്നു വിരുദ്ധമായ സ്ഫുരണത്തെ കൊണ്ടുവരിക. എന്നാൽ കാ

ണാം രൂപാന്തരം. നീ സർവ്വശക്തനാണ്. വലിയതോക്കിന്റെ വായിൽക്കൂടി ഭയപ്പെടേണ്ട ഏറ്റവും മോശമായ പാപിയെക്കൂടി വെറുക്കരുത്. ആയാളുടെ ബഹിർഭാഗം നോക്കരുത്. പരമാത്മാവിന്റെ നിലയനമായ അന്തരംഗത്തിലേക്കു ദൃഷ്ടി പതിപ്പിക്കുക. നിന്നിൽ പാപമേയില്ല. ദുഃഖം ഇല്ല. നീ സർവ്വശക്തിയുടെ ആശയമാണ്. എഴുന്നേല്ക്കുവിൻ ഉണരുവിൻ! നിന്റെ അന്തരംഗത്തിലുള്ള ദിവ്യത്വത്തെ വിശദീകരിക്കുവിൻ!

“ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ!” എന്നു തുടങ്ങിയ ഒരൊറ്റ ശ്ലോകം വായിക്കുന്നാൾക്കു ഗീത മുഴുവൻ വായിച്ച ഫലം ലഭിക്കും. എന്തുകൊണ്ടെന്നാൽ ഗീതാസന്ദേശം ഈ ഒരൊറ്റ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു.

ടി. സി. കൊച്ചുകുട്ടിയമ്മ ബി. എ., എൽ. ടി.

## പാഠകം

മേല്പറഞ്ഞ വിഷയത്തെപ്പറ്റി സരസവും വിജ്ഞാനപ്രദവുമായ ഒരു ലേഖനം കഴിഞ്ഞ ലക്കം ലക്ഷ്മീഭായിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു ഞാൻ സശ്രദ്ധം വായിച്ചു. പാഠകത്തെസ്സംബന്ധിച്ചു കൂടുതലായി ഞാൻ കേട്ടിട്ടുള്ള ചില സംഗതികൾ ഗവേഷണപടുക്കളായ വിദ്വാന്മാരുടെ ദൃഷ്ടിയിൽ കൊണ്ടുവരേണമെന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. ചാക്യാന്മാർ ശ്ലാഘ്യവാക്കുകളും നടന്മാരുമാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. കേരളത്തിൽ സംസ്കൃതനാടകം ആദ്യമായി അഭിനയിച്ചുവന്നത് ഇവരാണെന്നുള്ളതിന്നു സംശയമില്ല. അതുപോലെതന്നെ പുരാണകഥാപ്രസംഗം ചെയ്തിരുന്നതും ഇവർതന്നെയാണ്. ഇവരുടെ കുലധർമ്മമായ

ഈ വിദ്യകൾ മഹാബ്രാഹ്മണർ പ്രയോഗിക്കാൻ ഒരുമ്പെട്ടമെന്നുള്ളത് ഊഹിക്കാൻതന്നെ നിവൃത്തിയില്ല. മററുള്ള ജാതിക്കാൎക്ക് അതിന്നുള്ള അൎഹതയോ പ്രാപ്തിയോ ഉണ്ടായിരുന്നതുമില്ല. കാലക്രമത്തിൽ അമ്പലവാസികളുടേയും മററും ഇടയിൽ വിദ്വാന്മാർ ഉണ്ടായിത്തുടങ്ങിയപ്പോൾ അവൎക്ക് ചാക്യാന്മാരെ അനുകരിക്കണമെന്നുള്ള മോഹം ഉണ്ടായതു സ്വാഭാവികമാണല്ലൊ. അവരുടെ ആഗ്രഹം സാധിപ്പിക്കുന്നതിന്നായിരിക്കണം ഒരു കവി 'കൂട്ടപ്പാഠകം' എന്ന ഒരു കൃതി നിൎമ്മിച്ചത്. ഇതു നാടകത്തിന്റെ ഒരു വികൃതരൂപം മാത്രമാണ്. 'കൂട്ടം' എന്ന വാക്കിന്റെ അൎത്ഥം സംവാദം എന്നും പാഠകം എന്നാൽ കഥ എന്നും ആണ്. അതിനാൽ കൂട്ടപ്പാഠകം എന്നുവെച്ചാൽ സംവാദരൂപേണയുള്ള കഥാകഥനമാണെന്നു വെളിവാകുന്നുണ്ടല്ലൊ. ഇതിന്റെ കൎത്താവു മേല്പുത്തൂർ നാരായണഭട്ടതിരിയല്ലാതെ മററാരുമല്ല. തോലന്റെ കൃതിയാണ് ഇത് എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതിന്നു യാതൊരു അടിസ്ഥാനവുമില്ല. ഇതിന്റെ ഉല്പത്തിയെപ്പററി പഴയ 'വിദ്യാവിനോദിനി' ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്.

"ഭട്ടതിരി ഒരിക്കൽ ഒരില്ലത്തു ചെന്നു. അന്ന് അവിടെ കാരണവൻ ഒരു അഫനായിരുന്നു. അഫന് പരിഗ്രഹം ഉണ്ടായിരുന്നോ എന്നു ചോദിപ്പാനില്ലല്ലൊ. കാൎയ്യസ്ഥനായിട്ട് ഒരു എളേതും ഉണ്ണികളെ വായിപ്പിക്കാൻ ഒരു പിഷാരടിയും ഉണ്ടായിരുന്നു. അഫന്റെ സാധുത്വവും പരിഗ്രഹത്തിന്റെ ദുരാഗ്രഹവും എളേതിന്റെ കാൎയ്യസ്ഥതയുംകൂടി ചേൎന്നപ്പോൾ ഇല്ലത്തെ മുതലെല്ലാം നശിച്ചു. ഇതു കണ്ടു വ്യസനിച്ചിട്ടാണ് ഭട്ടതിരി ഈ നാടകം ഉണ്ടാക്കിയത്. ആ നാടകത്തെ അമ്പല

വാസികളുടെ ആവശ്യത്തിന്നും പഠിപ്പിന്നുമായി അവക്ക് കൊടുത്തു കല്യാണം പന്ത്രണ്ടാംമാസം മുതലായ അടിയന്തരദിവസങ്ങളിൽ അമ്പലവാസികൾ ഇന്നും ഈ നാടകം ആടിവരുന്നുണ്ട്."

ഇതിന്ന് ഒരു പ്രഹസനച്ഛായ മാത്രമെ ഉള്ളുവെങ്കിലും ഇത് അഭിനയിക്കാനുള്ള അഹ്ഠത തങ്ങൾക്ക മാത്രമേയുള്ളു എന്ന് അമ്പലവാസികൾ ഇന്നും അഭിമാനിച്ചുവരുന്നുണ്ട്. 'കൂട്ടപ്പാഠകം' ഭട്ടതിരിയുടെ കൃതിയാണെങ്കിൽ ഇതു നിമ്മിച്ചതു കൊല്ലവഷം ൭൪൪-൭൯൦യും ൬൯൪-൭൯൦യും ഇടയ്ക്കായിരിക്കണം. പാഠകത്തിൻെറയും ഉത്ഭവം ഇക്കാലത്താകാനാണ് വഴിയുള്ളത്. * 'പാഠകം' എന്നു നാം ഇപ്പോൾ ഉപയോഗിച്ചുവരുന്ന പദത്തിൻെറ ഉത്ഭവം തന്നെ 'കൂട്ടപ്പാഠക'ത്തിൽനിന്നല്ലേ എന്നു സംശയിക്കുന്നു. 'കൂട്ടപ്പാഠകം' കൂടിയാട്ടത്തിൻെറയെന്നപോലെ 'പാഠകം' കൂത്തിൻെറ ഒരു അനുകരണമാണ്. കഥ പറയുന്ന രീതിയെ സംബന്ധിച്ചേടത്തോളം കൂത്തിന്നും പാഠകത്തിന്നും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. പാഠകത്തെപ്പറ്റി ആദ്യമായി അല്പം സൂചിപ്പിച്ചിട്ടുള്ളതു രാജരത്നാവലീയത്തിൽ മാത്രമാണ്. ഇതിന്നുപുറമെ ഭാഷാചമ്പുക്കളിലെ പദ്യങ്ങളാണ് പാഠകക്കാർ വന്ദനശ്ലോകങ്ങളായി ചൊല്ലിവരുന്നതും. ഈ സംഗതികളിൽനിന്നു ഭാഷാചമ്പുക്കളുടെ ആവിർഭാവത്തിന്നു ശേഷമാണ് പാഠകത്തിൻെറ പുറപ്പാട് എന്നു വെളിവാകുന്നുണ്ട്. അങ്ങിനെ നോക്കിയാലും മുൻപറഞ്ഞ കാലത്തായിരിക്കണം—അതായത് ൭൪൪-൭൯൦യും ൬൯൪-൭൯൦യുംഇടയ്ക്ക്—പാഠകത്തിൻെറ ആരംഭം എന്ന് ഊഹിക്കാം. എന്നാൽ ചമ്പുകാവ്യങ്ങൾ പാ

* പാഠകശൻ എന്ന വാക്ക കൂട്ടപ്പാഠകത്തിലുള്ളതാണ്.

ംകക്കാരുടെ ആവശ്യത്തിന്നായി നിർമ്മിച്ചതാണെന്നുള്ള ചിലരുടെ അഭിപ്രായം അത്ര ആദരണീയമാണെന്നു തോന്നുന്നില്ല. കൂത്തിൻെറ അനുകരണമായ പാഠകം ആദ്യം ഏതു നിലയിലിരുന്നുവോ അതേ നിലയിൽതന്നെയാണ് ഇന്നുമിരിക്കുന്നത്. വേഷത്തിലാകട്ടെ കഥ പറയുന്ന രീതിയിലാകട്ടെ യാതൊരു വ്യത്യാസവും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. പാഠകം ആദ്യകാലത്തു വെറും നാടോടിഭാഷയിൽ പുരാണകഥ പറകയായിരുന്നു എന്ന് ഊഹിക്കാൻ ന്യായമുണ്ടെന്നുള്ള അമ്മാമൻതമ്പുരാൻതിരുമനസ്സിലെ അഭിപ്രായം വാദവിഷയമാണ്. സംസ്കൃതശ്ലോകം ചൊല്ലി ഭാഷയിൽ അർത്ഥം പറയുക എന്ന ക്രമം ബ്രാഹ്മണർ അമ്പലവാസികൾക്ക് അനുവദിച്ചുകൊടുക്കയില്ലെന്നാണ് അവിടത്തെ പക്ഷം. എന്നാൽ പട്ടേരിയുടെ കാലത്താണ് പാഠകം ആരംഭിച്ചത് എങ്കിൽ ഈ അഭിപ്രായം അത്ര സ്വീകാര്യമാണൊ എന്നു സംശയമാണ്. അക്കാലത്ത് അമ്പലവാസികളുടെയിടയിൽ സംസ്കൃതവിദ്വാന്മാർ ധാരാളമുണ്ടായിരുന്നു. മേല്പുത്തൂർ പട്ടേരിയുടെ ഗുരുതന്നെ ഒരു അമ്പലവാസിയായിരുന്നു എന്നുള്ളതു പ്രസിദ്ധമാണല്ലൊ. അതിനാൽ അമ്പലവാസികളെ സംബന്ധിച്ചേടത്തോളം സംസ്കൃതശ്ലോകം ചൊല്ലി അർത്ഥം പറയുന്ന കാര്യത്തിൽ ബ്രാഹ്മണൎക്ക് വലിയ വിരോധമുണ്ടാകാൻ വഴിയില്ല. കേരളീയകലാകാരന്മാർ പഴയ സമ്പ്രദായം വിട്ട് ഒരടിപോലും നടക്കാത്തവരാണെന്നു സൎവ്വവിദിതമാണ്. അതിനാൽ ആദ്യകാലത്തു പാഠകം വെറും കഥപറകലായിരുന്നെങ്കിൽ ഇടക്കാലത്തുവെച്ച് ആ സമ്പ്രദായം മാററാൻ ആരും ഒരുമ്പെട്ടുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

വിശേഷിച്ചു പാഠകത്തിന്നു് ഇന്നു വല്ല പ്രചാരവുമുണ്ടെങ്കിൽ അതു ചാക്യാരെ അനുകരിച്ചു ശ്ലോകം ചൊല്ലി അൎത്ഥം പറക എന്ന സമ്പ്രദായത്തെ അനുസരിക്കുന്നതുകൊണ്ടുണ്ടായിട്ടുള്ളതാണു്. “ഉഭയകുലപരിശുദ്ധന്മാരായി വേദജ്ഞന്മാരായി ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ബ്രാഹ്മണോത്തമന്മാരെക്കൊണ്ടു നിറയപ്പെട്ടസഭാമദ്ധ്യത്തിൽ വെച്ചു്”വെറും നാടോടിഭാഷയിൽ കഥ പറയുന്ന പാഠകക്കാരെ കൈകൊട്ടി ഓടിക്കാൻ ആരും ഉണ്ടായില്ലെങ്കിൽ അത്ഭുതംതന്നെ. പാഠകം എന്ന പദത്തിന്റെ അൎത്ഥം ജനതാമദ്ധ്യത്തിൽവെച്ചു ശ്ലോകം ചൊല്ലി അൎത്ഥം പറക എന്നും,പാഠകക്കാരൻ എന്നാൽ വാക്സാമൎത്ഥ്യമുള്ളവൻ എന്നും ആണെന്നു ‘ശബ്ദതാരാവലി’യിൽ പറഞ്ഞിട്ടുണ്ടു്. എല്ലാം ആലോചിച്ചാൽ പാഠകത്തിന്നു നാനൂറുകൊല്ലത്തിലധികം പഴക്കമില്ലെന്നും,അതു് ഇന്നത്തെ രീതിയിൽതന്നെയാണു് എന്നും നടന്നിരുന്നതെന്നും വെളിവാകുന്നുണ്ടു്. പാഠകത്തിന്നും കൂത്തിന്നും തമ്മിൽ ഒരു വ്യത്യാസമാണു് പ്രധാനമായി കണ്ടുവരുന്നതു്. പാഠകക്കാരൻ ചാക്യാരെപ്പോലെ സദസ്യരെ ചൂണ്ടിക്കാണിച്ചു പരിഹസിക്കുക പതിവില്ല. പെരുമനത്തുകാരൻ ഒരു നമ്പ്യാർ ഒരു മഹാബ്രാഹ്മണനെ ലക്ഷ്യമാക്കി ശകാരവൎഷം തുടങ്ങിയപ്പോൾ “നമ്പ്യാരെ! അത്ര വേണ്ട. ഇതു കൂത്തല്ല; പാഠകമാണു്” എന്നു ചിലർ അദ്ദേഹത്തെ ഓൎമ്മപ്പെടുത്തിയതായി കേട്ടിട്ടുണ്ടു്. ഈ സ്വാതന്ത്ര്യക്കുറവാണു് പാഠകത്തിന്നു കൂത്തിനോളം പ്രചാരമില്ലാത്തതിന്റെ കാരണം. ഇപ്പോൾ പാഠകക്കാരെ ഉത്സവസ്ഥലങ്ങളിലല്ലാതെ കാണുന്നതു് അപൂൎവ്വമാണു്. പാഠകം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ഇപ്പോൾ വല്ലവരും ഉണ്ടോ എന്നുതന്നെ സംശയമാണു്. വേഷത്തിൽ ചി

ല പരിഷ്കാരങ്ങൾ വരുത്തുകയും ചാക്യാന്മാരെപ്പോലെയുള്ള സ്വാതന്ത്ര്യം പാഠകക്കാൎക്കുണ്ടാകുകയും ചെയ്താൽ മാത്രമെ പാഠകത്തിന്ന് ഇനിമേൽ പറയത്തക്ക പ്രചാരം ഉണ്ടാകുവാൻ വഴിയുള്ളൂ.

വി. കെ. രാമമേനോൻ ബി. എ., എൽ. ടി.

## മാതൃകാമാതാവ്

(തുടൎച്ച)

തലമുടി, നഖം, പല്ലുകൾ മുതലായവ ശുചിയാക്കിവെക്കുന്നതിലും നാം പ്രത്യേകം ശ്രദ്ധ പതിക്കണം. തലമുടി ദിവസവും ചീപ്പുകൊണ്ടു ചീകുകയും ബ്രഷ് കൊണ്ടു തുടച്ചു വൃത്തിയാക്കുകയും ചെയ്താൽ മാത്രമേ അതിനു ശരിയായ വളൎച്ചയുണ്ടാകയുള്ളൂ. നനവും എണ്ണയും കൂടിക്കലൎന്നു ശരിയായി ഉണങ്ങാതെയിരിക്കുമ്പോൾ അതിനു ദുൎഗ്ഗന്ധമുണ്ടാകുന്നു. തലമുടി നല്ലവണ്ണം മെഴുക്കും അഴുക്കും കളഞ്ഞു സൂൎയ്യപ്രകാശം തട്ടിച്ച് ഉണക്കണം. ദേഹത്തിൽ ശരിയായുള്ള അളവിൽ ലോഹസാധനങ്ങൾ എല്ലാം ഉള്ളപക്ഷം തലമുടിക്ക് കേടുണ്ടാകുന്നതല്ല. ആരോഗ്യത്തിനു ഹാനിയുണ്ടാകുമ്പോൾ തലമുടിയും കൊഴിഞ്ഞുതുടങ്ങും. തലമുടി ധാരാളമുള്ളവർ കൂടക്കൂടെ താളിയും സോപ്പും മററും ഉപയോഗിച്ച് അഴുക്കുകളഞ്ഞു സൂക്ഷിക്കാഞ്ഞാൽ ശിരസ്സിൽ പേൻ തുടങ്ങിയ ക്ഷുദ്രജീവികൾ വൎദ്ധിക്കുകയും ചൊറിചിരങ്ങുകളുണ്ടാകുകയും ചെയ്യുന്നതാണ്. ചെറിയ കുട്ടികളുടെ മുടി അധികം വളൎത്താതെ മുറിച്ചുകളഞ്ഞു വൃത്തിയായിട്ടു സൂക്ഷിക്കുന്നതാണ് എളുപ്പം. ആരോഗ്യത്തെപ്പററി പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നാൽ തലമുടിക്കും ഹാനിയു

ണ്ടാകുന്നതല്ല. തലമുടിയെ പല ദേശക്കാരും ഒരു വില
യേറിയ സ്വത്തായി കരുതുന്നു. ബർമ്മയിലുള്ള സ്ത്രീകൾ
വെളിച്ചെണ്ണ പുരട്ടി തലമുടി ചീകി മിനുസമാക്കി ശിര
സ്സിന്റെ മദ്ധ്യഭാഗത്തു വട്ടത്തിൽ കെട്ടിവെക്കുന്നു. ഈ
വിഷയത്തിൽ ഇവർ പ്രത്യേകം ശ്രദ്ധ കാണിക്കുന്നു. ന
മ്മുടെ നാട്ടിലുള്ളവർ പണ്ടുപണ്ടേ കേശഭാരത്തിനു പ്ര
സിദ്ധിയുള്ളവരായിരുന്നു. എന്നാൽ ഇക്കാലത്തു കേശ
ക്ഷാമം വർദ്ധിച്ചുതന്നെ വരുന്നു. ഇതു ശ്രദ്ധക്കുറവുകൊ
ണ്ടുതന്നെയായിരിക്കാം. അതിനാൽ ഈ വിഷയത്തിൽ
നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പല്ല് — ആരോഗ്യവിഷയത്തിൽ ഒരു പ്രധാനഭാ
ഗമാകുന്നു പല്ല്. നാം കഴിക്കുന്ന ഭക്ഷണസാധനങ്ങ
ളുടെ ദഹനം വായിൽനിന്നും ആരംഭിക്കുന്നു. അതിനാൽ
പല്ലുകൾ വൃത്തിഹീനങ്ങളായാൽ അവയുടെ മലിനത
ഭക്ഷണസാധനങ്ങളിൽ കലന്ന് ഉള്ളിൽ ചെല്ലുകയും
പലമാതിരി രോഗങ്ങളുണ്ടാക്കുകയും ചെയ്യുന്നു. ദിവസ
വും രാവിലേയും വൈകുന്നേരവും, ഓരോ തവണയും
ആഹാരം കഴിച്ചതിനു ശേഷവും, പല്ലുകൾ ശുചിയാക്കു
ന്നകാര്യം പ്രത്യേകം സ്മരിക്കണം. പല്ലിന്മേലുള്ള ഇനാ
മൽ (വെളുത്ത സാധനം) പോകുമ്പോളാണ് അവ ശ
ക്തിഹീനങ്ങളായി നശിച്ചുതുടങ്ങുന്നത്. പുളിരസം മു
തലായ കടുത്ത രസങ്ങൾ പല്ലിന് എളുപ്പത്തിൽ കേടു
വരുത്തുന്നു. കരിമ്പു പല്ലിനു ബലം നൽകുന്നു. ചിലർ
പഞ്ചസാരകൊണ്ടും പല്ലു തേച്ചുവരുന്നു. പല്ലു തേക്കുന്ന
തിന് ഉമിക്കരി, ചിരട്ടക്കരി മുതലായവ ഉപയോഗിച്ചു
വരുന്നു. ഉമിക്കരി, ചിരട്ടക്കരി മുതലായവ അധികനേ
രം തേച്ചു പല്ലിന്റെ പുറമേയുള്ള ഇനാമൽ പോകാതെ
യും അവയുടെ അവശിഷ്ടങ്ങൾ പല്ലിന്റെ ഇടകളിൽ

ശേഷിക്കാതേയും പ്രത്യേകം സൂക്ഷിക്കണം. ഇവ നല്ലവണ്ണം പൊടിച്ച് ഉപയോഗിക്കേണ്ടതാണ്. തെങ്ങിന്റെ ക്ലാഞ്ഞിൽ, ഈൎക്കിൽ, വേപ്പിൻകൊമ്പു മുതലായവ ബ്രഷുപോലെ ചതച്ചു തേച്ചാൽ പല്ലുകളുടെ ഇടയിലുള്ള അഴുക്കുകൾ നീങ്ങുന്നതാണ്. ബ്രഷ് പല്ലുകളുടെ ഇടയിലുള്ള അഴുക്കുകളെ ഇളക്കി ശുദ്ധിയാക്കുന്നതിനു വളരെ സഹായിക്കും. ശാസ്ത്രപ്രകാരം പാകപ്പെടുത്തി നിൎദ്ദോഷമായവയെന്നു ബോദ്ധ്യംവന്ന ദന്തചൂൎണ്ണങ്ങൾ കുഴമ്പുകൾ ആദിയായവ മാത്രമേ ഉപയോഗിക്കാവൂ. വൈദ്യവേഷധാരികൾ പലരും കൊണ്ടുനടക്കുന്ന ദന്തചൂൎണ്ണങ്ങൾ മിക്കവയും ഗുണരഹിതങ്ങളായിരിക്കും. പല്ലുകളുടെ ഇടയിൽ ഭക്ഷണാംശങ്ങളിരിക്കുന്നപക്ഷം മൃദുവായ പട്ടുനൂലോ നാരോ മറ്റൊ കടത്തി അവയെടുത്തുകളയേണ്ടതാണ്. അല്ലാത്തപക്ഷം അവ പല്ലിനെ ദ്രവിപ്പിക്കുന്നു. തൽഫലമത്രേ പല്ലുവേദന. ഇതു ഭയങ്കരമായ ഒരു രോഗമാണ്. പല്ലിൽ ദ്വാരം ഉണ്ടായാൽ അതു നല്ല പരിചയമുള്ള ദന്തവൈദ്യനെക്കൊണ്ട് ഉടൻ അടപ്പിക്കണം. അധികം ദ്രവിച്ച പല്ലുകൾ എടുപ്പിച്ചുകളയുന്നതത്രേ ഉത്തമം. കൃത്രിമപ്പല്ലുകൾ വെപ്പിക്കുന്നതും നല്ല പരിചയമുള്ള ദന്തവൈദ്യന്മാരെക്കൊണ്ടു മാത്രമേ പാടുള്ളൂ.

നഖങ്ങൾ മുതലായവ— പാശ്ചാത്യർ കരണ്ടികൾ ഉപയോഗിച്ചാണ് ആഹാരം കഴിക്കുന്നത്. നാം കൈകൊണ്ടുതന്നെ ആഹാരം കഴിക്കുന്നതിനാൽ നഖങ്ങളുടെ കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഖങ്ങളുടെ ഇടയിൽ അഴുക്കടയുന്നതിന് ഒരിക്കലും ഇടയാക്കരുത്. വളൎന്നുവരുന്ന നഖങ്ങളെ കൂടക്കൂടെ മുറിച്ചുകളഞ്ഞു വൃത്തിയായി സൂക്ഷിക്കണം. നഖങ്ങളിൽ

മാലിന്യമുണ്ടായിരുന്നാൽ അവ ആഹാരപദാൎത്ഥങ്ങളോടു ചേൎന്ന് ഉള്ളിൽ കടന്നു രോഗങ്ങൾ ഉണ്ടാക്കുന്നു. ഇതുകൂടാതെ എപ്പോഴും പുറത്തുനിന്നും അഴുക്കുകൾ പററുന്ന മുഖം, കാൽ, കൈ തുടങ്ങിയ ഭാഗങ്ങളും കൂടക്കൂടെ വിശേഷിച്ചും ആഹാരത്തിനു മുമ്പു കഴുകി സദാ ശുചിയായി സൂക്ഷിക്കണം. നമ്മുടെ കണ്ണു, മൂക്കു തുടങ്ങിയുള്ള നവദ്വാരങ്ങൾ ശുദ്ധജലംകൊണ്ടു കൂടക്കൂടെ ശുദ്ധിചെയ്യണം. കണ്ണിൽ ശുദ്ധജലംകൊണ്ട് അനേകം പ്രാവശ്യം തടവി കഴുകുന്നതും പ്രകൃതിവൈദ്യന്മാരുടെ നിയമമനുസരിച്ച് ഒരു ചികിത്സയാണ്. മൂക്കിൽ വെള്ളം കയററി തുമ്മിച്ചു കഴുകുന്നതു ജലദോഷത്തിന് ഒരു നിവാരണമാൎഗ്ഗമാണ്. ഇപ്രകാരം നവദ്വാരങ്ങളും ശുദ്ധജലംകൊണ്ട് അനേകം പ്രാവശ്യം കഴുകുന്നതായാൽ ആരോഗ്യം വൎദ്ധിക്കുമെന്നത്രേ വൈദ്യന്മാരുടെ സിദ്ധാന്തം.

പരവൂർ എൻ. പൊന്നമ്മ.

---

## പുസ്തകാഭിപ്രായം

### മൂന്നു ജീവചരിത്രഗ്രന്ഥങ്ങൾ

൧. പൊന്നുതമ്പുരാൻ—വിദ്വാൻ ടി. കെ. രാമമേനോൻ

൨. നമ്മുടെ പൊന്നുതമ്പുരാൻ }
൩. മെക്കാളെ പ്രഭു } ബി. ജി. കുറുപ്പ്.

ജീവചരിത്രഗ്രന്ഥങ്ങൾ ഭാഷയിലധികമില്ല. ഉള്ളവയിൽതന്നെ അധികവും ആ പേരിനെ അൎഹിക്കുന്നുണ്ടോ എന്നു സംശയമാണ്. ജീവചരിത്രം എഴുതുന്ന ആൾക്കു കഥാപുരുഷന്മാരെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ തിരക്കി അറിവാനുള്ള സാമൎത്ഥ്യം, സംഗതികളെ ആകൎഷകമാക്കിത്തീൎപ്പാനുള്ള പാടവം, പക്ഷപാതരാഹി

ത്ര്യം എന്നിങ്ങിനെയുള്ള ഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കേണ്ടതാണ്. ചുരുക്കത്തിൽ പറകയാണെങ്കിൽ ഒരു ജീവചരിത്രം വായിച്ചുകഴിഞ്ഞാൽ കഥാനായകന്റെ ശരിയായ ഒരു ചിത്രം വായനക്കാരുടെ ഉള്ളിൽ വ്യക്തമായി പതിഞ്ഞിരിക്കേണ്ടതാണ്. കഥാപുരുഷന്റെ സ്വഭാവത്തെ ദീൎഘമായി വൎണ്ണിച്ചു ഗ്രന്ഥം തടിപ്പിക്കുന്നതിനുപകരം അവരുടെ സ്വഭാവം വെളിപ്പെടുത്തുന്ന സംഗതികൾ വിവരിക്കയാണ് ആവശ്യം. ഈവക സംഗതികൾ ഗ്രന്ഥകാരന്മാർ വിസ്മരിച്ചതായിട്ടാണ് ഒന്നും രണ്ടും പുസ്തകങ്ങൾ വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയത്. വിദ്വാൻ ടി. കെ. രാമമേനോൻ എഴുതിയ 'പൊന്നുതമ്പുരാൻ' നാടുവാഴുന്ന കൊച്ചിമഹാരാജാവു തിരുമനസ്സിലെ ജീവചരിത്രമാണ്. പതിനാറ് ഏടുകൾ മാത്രമുള്ള ഈ പുസ്തകത്തിൽ പന്ത്രണ്ടോളം കൊച്ചിയിലെ പൂൎവ്വചരിത്രത്തെപ്പററി പ്രതിപാദിക്കാൻ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി ഇരുപതു ഭാഗങ്ങളിലാണ് കഥാനായകനെ സംബന്ധിച്ചുള്ള സംഗതികൾ ഒതുക്കിയിരിക്കുന്നത്. ആവക സംഗതികളെല്ലാം പരക്കെ അറിയുന്നവയാകയാൽ വായനക്കാൎക്കു പ്രസ്തുതഗ്രന്ഥത്തിൽനിന്നു യാതൊരു പുതിയ സംഗതിയും ഗ്രഹിക്കാനുണ്ടെന്നുള്ളതായി തോന്നുന്നില്ല. കൊച്ചിരാജാക്കന്മാർ കിരീടധാരണം ചെയ്യുന്നതു മട്ടാഞ്ചേരികോവിലകത്താണെന്നും അവിടെയാണ് പഴയന്നൂരമ്മതിരുവടിയെ പൂജിച്ചുവരുന്നതെന്നും ഭാരതവും രാമായണവും പുരാണങ്ങളാണെന്നും മററുമുള്ള സംഗതികൾ അബദ്ധമാണെന്നും പറയാതെ തരമില്ല. ഒരു സൽക്കവിയും രസികനുമായ തിരുമനസ്സിലെ പിതാവിനെപ്പററി ഒന്നുംതന്നെ പ്രസ്താവിക്കാത്തതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.

'നമ്മുടെ പൊന്നുതമ്പുരാൻ' തിരുവിതാംകൂർനാടു വാഴുന്ന ചിത്തിരതിരുനാൾ തിരുമനസ്സിലെ ജീവചരിത്രമാണ്. അവിടെയ്ക്കു സമർപ്പിച്ച മംഗളപത്രങ്ങളും അതുകൾക്കുള്ള മറുപടികളും തിരുമനസ്സിലെ വേറെ ചില പ്രസംഗങ്ങളും മററും കഴിച്ചാൽ ഇതിലും വളരെ കാര്യങ്ങൾ അടങ്ങീട്ടുണ്ടോ എന്നുസംശയമാണ്. പ്രസംഗങ്ങളും മററും അനുബന്ധമായി ചേർക്കുന്നതായിരിക്കും അധികം നന്നായിരിക്കുക എന്നാണ് ഞങ്ങളുടെ അഭിപ്രായം. കൂടുതലായി ഈ ഗ്രന്ഥത്തെപ്പററി ഒന്നും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

'മെക്കാളെ' പ്രഭുവിന്നാണ് ഒരു ജീവചരിത്രഗ്രന്ഥത്തിൻെറ മരായയുള്ളത്. മെക്കാളെയുടെ ജീവചരിത്രം പലരും എഴുതീട്ടുള്ളതാകയാൽ ശുഷ്കവർണ്ണനകളെക്കൊണ്ടു ഗ്രന്ഥത്തെ വിപുലമാക്കാൻ ഗ്രന്ഥകാരനു ശ്രമപ്പെടേണ്ടിവന്നിട്ടില്ല. ഇത് ആശ്വാസകരംതന്നെ. പക്ഷേ അശ്രദ്ധകൊണ്ട് ഇതിൽ പല സ്ഖലിതങ്ങളും വന്നുപോയിട്ടുണ്ട്. മഹാകവി ബൈറൻെറ 'പിൽഗ്രിംസ് പ്രോഗ്രസ്' എന്നു പത്താംഭാഗത്തിലും 'മഹാകവി ബൈറൺ സുപ്രസിദ്ധമായിത്തീൎന്നത് അദ്ദേഹത്തിൻെറ പാരഡൈസ്‌ലോസ്റ്റ് പ്രസിദ്ധം ചെയ്തതോടുകൂടിയാണെന്ന്' ൧൦-ാം ഭാഗത്തും കാണുന്നു. പിൽഗ്രിംസ് പ്രോഗ്രസ് ജോൺബണിയൻെറയും പാരഡൈസ്‌ലോസ്റ്റ് മിൽട്ടൻെറയുമാണെന്നു വിദ്യാൎത്ഥികൾക്കുപോലും അറിയാവുന്നതാണ്. ഗ്രീക്ക് ഭാഷയ്ക്കു സ്കോളർഷിപ്പു കിട്ടിയതും മെക്കാളെയുടെ സോദരി ജ്യേഷ്ഠനെക്കുറിച്ചു പറയുമ്പോളെല്ലാം 'അയാൾ' എന്ന് ഉപയോഗിക്കുന്നതും നല്ല ഭാഷയായിട്ടുണ്ടെന്നു തോന്നുന്നില്ല. 'ഭൂമിമുഴവൻ കൊടുക്കാമെന്നു പറഞ്ഞാലും തൻെറ രാജ്യത്തിനു വി

പരീതമായി ഒരു വാക്കു പറയിക്കുന്നതിന്നോ മറ്റാരെങ്കിലും പറയുന്നതു കേട്ടു സഹിക്കുന്നതിന്നോ കഴിയാത്തവണ്ണം മെക്കാളെയുടെ സ്വരാജ്യസ്നേഹം അത്ര സുദൃഢമായിരുന്നു' എന്നിത്യാദി വാക്യങ്ങൾ വ്യാകരണനിയമങ്ങളെ അതിലംഘിച്ചിട്ടുണ്ടെന്നു പറയാതെ കഴികയില്ല. ഇങ്ങിനെയുള്ള ചില ന്യൂനതകൾ നീക്കിയാൽ ഇതു വായിക്കാൻ കൊള്ളാവുന്ന പുസ്തകങ്ങളുടെ കൂട്ടത്തിൽ ഗണിക്കാവുന്നതാണ്.

### കേരളക്ഷേത്രത്തിലെ കെടാവിളക്കുകൾ

ശാന്തി നമ്പൂരിവെച്ച് എമ്പ്രാൻ എടത്തതോടുകൂടി ദേവൻതന്നെ ഇല്ലാതായി; എന്നിട്ടുവേണ്ടേ കെടാവിളക്കുകളെപ്പറ്റി പറവാൻ. എഴുത്തച്ഛൻ, ചെറുശ്ശേരി, നമ്പ്യാർ, പൂന്താനം, തച്ചോളിഒതേനൻ ഇതാണ് ഈ പുസ്തക്ത്തിലെ വിഷയങ്ങൾ. വ്യംഗമായാലും വാച്യമായാലും വിഷയത്തിന്നു മാറ്റം വരുന്നതല്ലല്ലൊ. ഗ്രന്ഥകർത്താവു പി. കുഞ്ഞിരാമൻ നായരവർകൾ നല്ല എഴുത്തുകാരനായിരിക്കാം. പക്ഷെ വൈരാഗ്യം മൂലമാണോ വിഷയജ്ഞാനം ഇല്ലാതെ പോയത്! ഈ 'വിളക്കുകൾ' ഇരുട്ടത്ത് ആവശ്യമുള്ളതല്ല. എങ്കിലും വേണമെന്നുള്ളവൎക്കു തൃശ്ശിവപേരൂർ 'കേരളോദയം' അച്ചുകൂടത്തിൽ കിട്ടുന്നതാണ്. വില നാലണ.

### സുന്ദരകാണ്ഡം

(അദ്ധ്യാത്മരാമായണം)

ശ്രീവാല്മീകി, രാമായണം നിൎമ്മിച്ചതിന്റെ ശേഷം സുന്ദരകാണ്ഡം ഏറ്റവും വിശിഷ്ടമായിട്ടുണ്ടെന്നു തോന്നിയതിനാലാണ് പ്രകൃതകാണ്ഡത്തിന്ന് ആ പേരു കൊടുത്തതെന്ന് ഒരു ഐതിഹ്യം ഉണ്ട്. വാസ്തവം എ

ങ്ങിനെയായാലും രാമായണം വായിച്ചിട്ടുള്ളവരെല്ലാം —അദ്ധ്യാത്മരാമായണമാകട്ടെ വാല്മീകിരാമായണമാകട്ടെ— ഈ ഐതിഹ്യം യുക്ത്യനുസരണമാണെന്നു സമ്മതിക്കാതിരിക്കയില്ല. അത്രത്തോളം വൈശിഷ്ട്യം കഥാഭാഗംകൊണ്ടും കവിതാഭാഗംകൊണ്ടും ആ കാണ്ഡത്തിനുണ്ട്. കഴിയുന്നേടത്തോളം മൂലത്തെ അനുസരിച്ചാണ് എഴുത്തച്ഛൻ ഈ ഭാഗം തർജ്ജമ ചെയ്തിട്ടുള്ളത്. അദ്ധ്യാത്മതത്വങ്ങളെ പ്രതിപാദിക്കുന്ന പ്രസ്തുത കൃതിക്കു ഭാഷാകാഠിന്യം കുറെ കൂടീട്ടുണ്ടെങ്കിൽ അത്ര അത്ഭുതപ്പെടുവാനില്ല. നിത്യപാരായണോപയുക്തമായ ഈ ഭാഗം പൂർണ്ണവ്യാഖ്യാനത്തോടും ആമുഖോപന്യാസത്തോടുംകൂടി പ്രസിദ്ധപ്പെടുത്തിയ എം. രാമമേനോൻ ബി. എ., ബി. എൽ. അവർകളുടെ ശ്രമം അഭിനന്ദനാർഹം തന്നെ. ആമുഖോപന്യാസത്തിൽ അഭിപ്രായവ്യത്യാസത്തിന്നിടയുള്ള ചില സംഗതികൾ ഇല്ലെന്നു പറഞ്ഞുകൂടാ. ഹരിനാമകീർത്തനം എഴുത്തച്ഛന്റേതാണെന്നുള്ള വ്യാഖ്യാതാവിന്റെ അഭിപ്രായത്തോടു ഞങ്ങൾ യോജിക്കുന്നില്ല. അതിൽ പറയുന്ന ശ്രീനീലകണ്ഠഗുരുവിനെപ്പററി അദ്ദേഹത്തിന്റെ മററു കൃതികളിലൊന്നും പറഞ്ഞു കാണുന്നില്ല. കവിതാരീതി നോക്കിയാലും എഴുത്തച്ഛന്റേതല്ലെന്നു വിചാരിക്കാനാണ് ന്യായമുള്ളത്. പീയൂഷം, ഗഗനം, മതി, വിഭവം എന്നീ പദങ്ങൾക്ക് അർത്ഥം പറഞ്ഞിട്ടുള്ള വ്യാഖ്യാതാവ് "ഭാഗ്യമാഹന്തഭാഗ്യം കൃതാർത്ഥോസ്മ്യഹം. ഫലിതമഖിലം മയാദ്യപ്രയാസം ഭൃശം" "ശ്രവണയുഗളാമൃതം കേനമശ്രാവിതം" "അനശനമൊടതികൃശശരീരയായനാഹം ആശരനാരിപരിവൃതയായ്ശുചാ" എന്നീ വാക്യങ്ങളെ വ്യാഖ്യാനിക്കാതെ വിട്ടുകളഞ്ഞതെന്താണെ

നു മനസ്സിലാകുന്നില്ല. ഏതുവിധമായാലും ഈ പ്രസിദ്ധീകരണം ജനോപകാരപ്രദമായിട്ടുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല.

## ജപ്പാൻസാമ്രാജ്യത്തിന്റെ അഭിവൃദ്ധി

പൌരസ്ത്യരാജ്യങ്ങളിൽ ജപ്പാൻരാജ്യം കുറച്ചു കാലത്തിനുള്ളിൽ ഏററവും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടല്ലൊ. അതിന്നു കാരണം അവരുടെ വിദ്യാഭ്യാസവും പരിശ്രമശീലവുമാകുന്നു. കാശി ഹിന്ദുസർവ്വകലാശാല പ്രൊഫസർമാരായ തെവാരിബനിലാൽ ഇവർ ജപ്പാനിൽ സഞ്ചരിച്ച് ഇന്ത്യയിൽ മടങ്ങിയെത്തിയപ്പോൾ ഒരു പത്രപ്രതിനിധിയുമായുണ്ടായ സംഭാഷണമാണ് താഴെ ചേക്കുന്നത്.

ജപ്പാനിലെ നിർബ്ബന്ധവിദ്യാഭ്യാസവും പട്ടാളപരിശീലനവും പ്രശംസനീയമാകുന്നു. അവിടെ വിദ്യാഭ്യാസം ചെയ്യാത്തവരെ ആരേയും കാണുകയില്ല. തന്മൂലം സൌശീല്യമുള്ളവരാണ് അവരിൽ മിക്കവരും. പാഠ്യപുസ്തകങ്ങളിലെ വിഷയങ്ങളിൽ മിക്കവാറും വിഷയങ്ങൾ ആത്മാഭിമാനത്തേയും സ്വദേശസ്നേഹത്തേയും ഗുരുഭക്തിയേയും മററും പുരസ്കരിച്ചുകൊണ്ടുള്ളതായിരിക്കും. നമ്മുടെ രാജ്യം, നമ്മുടെ ചക്രവത്തി എന്ന ബോധം സകലക്കുമുണ്ട്. സ്വദേശീയവീരന്മാരേയും ധീരന്മാരേയും നായകന്മാരേയും പററി ബാല്യത്തിൽതന്നെ പഠിക്കുന്നതിനാൽ ആ രാജ്യത്തെ കൊച്ചുകുട്ടികൾക്കുപോലും ജപ്പാൻകാർ എന്നു പറയുവാൻ ധാരാളം അഭിമാനമുണ്ട്.

ബാലികാബാലന്മാർ ഒന്നിച്ചിരുന്നാണ് ജപ്പാനിൽ

പ്രാഥമികവിദ്യാഭ്യാസം നടത്തപ്പെടുന്നത്. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നെ ബാലികാബാലന്മാൎക്കു പള്ളിക്കൂടം വെവ്വേറെയായി. കുട്ടികളുടെ മുടിവെട്ടും വസ്ത്രധാരണവും കണ്ടാൽ ജാതി തിരിച്ചറിഞ്ഞുകൂടാ. അവർ പ്രായമാകുന്നതുവരെ ഒന്നിച്ചു കളിച്ചുകൊണ്ടിരിക്കും. പാഠപുസ്തകങ്ങളിൽനിന്നു കിട്ടുന്ന അറിവിനെ മാത്രം ആസ്വദമാക്കി തൃപ്തിപ്പെടുന്നവരല്ല അവർ. പ്രകൃതിവൈഭവത്തെ കണ്ടറിയുവാനായി കൊല്ലത്തിൽ ഒരിക്കൽ അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളും ഓരോരോ രാജ്യങ്ങൾ ചുററിസ്സഞ്ചരിക്കുന്നു. ഈവക യാത്രകളിലും വിദ്യാൎത്ഥികൾ പുസ്തകങ്ങൾ സഞ്ചിയിലിട്ടു തോളിൽ തൂക്കിയിടുന്നു. അവർ ഉശിരോടും ധീരതയോടുംകൂടി നടക്കുന്നതു കണ്ടാൽ ഇതൊരു കുട്ടിപ്പട്ടാളമാണെന്ന് ഇതരരാജ്യക്കാർ സംശയിക്കാതിരിക്കുന്നതല്ല. അദ്ധ്യാപകന്മാർ വിദ്യാൎത്ഥികളെ വലിയ കാടുകളിലും ശ്മശാനസ്ഥലങ്ങളിലും രാത്രികാലങ്ങളിൽ താവളമുറപ്പിച്ചു താമസിപ്പിക്കാറുണ്ട്. അതിലൊന്നും അവൎക്കു യാതൊരു ഭീതിയുമില്ല. അവർ പ്രായം തികയുമ്പോൾ വീരന്മാരും ധീരന്മാരും ഭയരഹിതന്മാരുമായിത്തീരുന്നത് ഇതുകൊണ്ടാണ്.

സ്ത്രീപുരുഷഭേദമെന്യേ ജപ്പാൻകാരെല്ലാം പ്രവൃത്തിയെടുക്കുന്നതിൽ സൌമുഖ്യമുള്ളവരാണ്. സ്ത്രീകൾ പുരുഷന്മാരെക്കാളധികം പ്രയത്നശാലികളാണെന്നു പറയാം. താനേ നയിക്കുന്ന യന്ത്രങ്ങളായി ജപ്പാൻസ്ത്രീകൾ കല്പിക്കപ്പെടാവുന്നതാണ്. ഭാം നടത്തുന്തിലും പലഹാരക്കച്ചവടം ചെയ്യുന്നതിലും ഗൃഹസ്ഥന്റെ ജോലികൾ ചെയ്യുന്നതിന്നും കൂലിപ്പണിയെടുക്കുന്നതിന്നും എന്നുവേണ്ട സകല തൊഴിലുകൾക്കും ജപ്പാനിലെ അബല

കളെ ലഭിക്കുന്നതാണ്. തൊഴിലാളി മുതലാളി ഭേദം ജപ്പാനിൽ കണികാണ്മാൻപോലും ഇല്ല. അവർ അന്യോന്യം സൌഹാർദ്ദത്തോടെ പെരുമാറിപ്പോരുന്നു. കച്ചവടത്തിലെ ലാഭത്തിൽ ഒരു പങ്കു തൊഴിലാളികൾക്കും നിശ്ചയിച്ചിട്ടുള്ളതിനാൽ അവർ ഉത്തമവിശ്വാസത്തോടും ശുഷ്കാന്തിയോടുംകൂടി പണിയെടുക്കുന്നു. അതിനാൽ മുതലാളിമാക്ക് തൊഴിലാളികളെ ഭരിക്കാനുള്ള ഭാരം തീരെ ഇല്ലെന്നുതന്നെ പറയാം.

ഞങ്ങൾ ഒരു സൈക്കൾ നിമ്മാണശാലയിൽ പോയി. ഷാപ്പുകാരൻ ഞങ്ങളെ സൽക്കരിച്ചിരുത്തി ചായയും പലഹാരവും തന്നു. യാതൊരു തൊഴിൽശാലകളിലും പകൽ സമയത്തു ചെന്നാൽ ചായ കുടിക്കാതെ പോരാൻ ശാലാധിപന്മാർ സമ്മതിക്കുന്നതല്ല. ഈ തൊഴിൽമന്ദിരത്തിൽ അഞ്ഞൂറാളുകൾ പണിയെടുക്കുന്നുണ്ട്. ഓരോരുത്തരും ഓരോ സൈക്കിൾവീതം പ്രതിദിനം ഉണ്ടാക്കുന്നു.

'ഒസാക്കാ' പട്ടണത്തിൽനിന്നു പുറപ്പെടുന്ന 'ഒസാക്കാ മൈനിച്ചി' എന്ന പത്രമാപ്പീസിൽ ഒരു ദിവസം വൈകുന്നേരം ആറുമണിക്കു ഞങ്ങൾ ചെന്നു. അവിടത്തെ അച്ചുകൂടത്തിലെ പരിഷ്കാരങ്ങളും ആപ്പീസിലെ ചിട്ടകളും കണ്ടു ഞങ്ങൾ അത്ഭുതപരതന്ത്രരായി. ഈ പ്രതിദിനപത്രം ജപ്പാൻഭാഷയിലും ഇംഗ്ലീഷുഭാഷയിലുംകൂടി മുപ്പതുലക്ഷം പ്രതികൾ പ്രതിദിനം കൃത്യസമത്തു തയ്യാറാക്കി പുറത്തു വിടുന്നു. ഇതാണ് ജപ്പാനിലെ ഏററവും പ്രചാരമുള്ള പത്രം. ഇതിൻെറ അധിപർ ഞങ്ങളെ സാദരം സൽക്കരിച്ചിരുത്തി സംഭാഷണം ചെയ്യുകയും ഒരു ഗ്രൂപ്പുഫോട്ടോ എടുക്കുകയും ചെയ്തു. പിറെറന്നു കാലത്തു പുറപ്പെട്ട പത്രത്തിൽ ഞങ്ങളുടെ ഫോ

യയും ഞങ്ങളെക്കുറിച്ചു ചെറുതായൊരു കുറിപ്പും ആ പത്രത്തിൽ കാണ്മാനിടയായി.

ജപ്പാനിൽ എല്ലാ സാമാനങ്ങളും ചുരുങ്ങിയ വിലയ്ക്കു കിട്ടുന്നു. തീപ്പെട്ടിക്കു വിലതന്നേ കൊടുക്കേണ്ടതില്ല. ഒരു വിശേഷപ്പെട്ട കൊളമ്പിയ ഗ്രാമഫോണിന് ഇരുപതുറുപ്പിക വിലയേയുള്ളു. നല്ല ജപ്പാൻമിഷ്യൻ പന്ത്രണ്ടുറുപ്പികയ്ക്കു കിട്ടും. വലിയ ഫോട്ടോ ആൽബം അഞ്ചോ ഏറിയതു പത്തോ സെൻറു കൊടുത്താൽ കിട്ടും. ജപ്പാൻ കച്ചവടക്കാർ വളരെ സത്യവാന്മാരാകുന്നു. ഒരു ദിവസം ഞങ്ങൾ ടോക്കിയോവിൽ ഒരു ചെരിപ്പുകുത്തിയുടെ കടയിൽ ചെന്നുകേറി. ഞങ്ങളുടെ കൂട്ടുകാരിൽ ഒരാൾ അയാളുടെ പഴയ ചെരിപ്പ് അവിടെ മറന്നുവെച്ചുപോന്നു. സന്ധ്യയ്ക്കു മുമ്പ് ആ ചെരിപ്പു നല്ലവണ്ണം തുടച്ചു വെടിപ്പാക്കി ഞങ്ങളുടെ,താമസസ്ഥലത്തു പീടികക്കാരൻ എത്തിച്ചു.

ജപ്പാനിൽ കുടുംബക്ഷേമം വളരെ പ്രാധാന്യമേറിയതായി കരുതിപ്പോരുന്നു. മൂത്ത മകനാണ് കുടുംബനാഥൻ. അവനാണ് സകല മുതലിൻേറയും അവകാശി. അവൻേറ സഹോദരന്മാർ പ്രായംചെന്നവരായാൽ സ്വയം ആർജ്ജിച്ച് ഉപജീവനം കഴിക്കേണം. സമ്പാദ്യത്തിൻേറ തോതനുസരിച്ചല്ല കുടുംബാംഗങ്ങളുടെ ശ്രുരുലഘുത്വം കണക്കാക്കുന്നത്. മൂത്ത മകനു കുടുംബപരിപാലനത്തിന്നു പ്രാപ്തി പോരാതെ വരുന്നപക്ഷം അടുത്ത അനന്തിരവരിൽ പ്രാപ്തിയുള്ള ആളെ നിയമിക്കുന്നു. കുടുംബഭരണത്തിന്നു മക്കൾക്കു പ്രാപ്തിയില്ലെങ്കിൽ ഉചിതംപോലെ ബന്ധുഗൃഹത്തിൽനിന്നോ മററു ദത്തെടുക്കുകയാണ് പതിവ്. ഭൂകമ്പം മുതലായ അത്യാപത്തുകൾ സംഭവിച്ചാൽ അവർക്കു ലേശംപോലും കുലുക്കമുണ്ടാ

കാറില്ല. വിധിയെ പഴിച്ച് അലസന്മാരായിരിക്കാതെ പൂർവ്വാധികം ശുഷ്കാന്തിയോടുകൂടി അവർ പരിശ്രമിച്ചു പ്രവർത്തിച്ച് ആപത്തിൽനിന്നു കരകേറുന്നു. സ്വരാജ്യാഭിവൃദ്ധിക്ക് എന്തു ത്യാഗവും ചെയ്യാനവർ സന്നദ്ധരാണ്.

യാത്രാസൌകര്യമാണ് ജനങ്ങളെ കൌതുകചിത്തവൃത്തികളാക്കിത്തീർക്കുന്നത്. വാഹനങ്ങളുടെ അഭിവൃദ്ധിമൂലം മനുഷ്യർ നടക്കാനും ശീലമില്ലാത്തവരായിത്തീരുമോ എന്നു ശങ്കിക്കത്തക്കവണ്ണം ജപ്പാനിലുള്ള വാഹനങ്ങളുടെ എണ്ണവും കൂലിക്കുറവും മററും തുലോം വിസ്മയാവഹമായിരിക്കുന്നു. പെട്രോളിന്നു ഗാലൻ ഒന്നുക്ക് അഞ്ചണയേ വിലയുള്ളു. ബസ്സ് തീവണ്ടി മോട്ടോർ വണ്ടി ഇതുകളിൽ പുരുഷന്മാരെ കൂടാതെ യുവതികൾക്ക് എത്ര ദൂരമെങ്കിലുംസഞ്ചരിക്കാം. അമ്മായിശ്ലോകങ്ങളും പൂരപ്പാട്ടും കടാക്ഷവീക്ഷണങ്ങളുമൊന്നും ജപ്പാനിലെ വാഹകന്മാർ അഭ്യസിച്ചിട്ടില്ല. ഇവിടത്തെ ഒന്നാംക്ലാസ്സു വണ്ടിയും ജപ്പാനിലെ മൂന്നാംക്ലാസ്സു വണ്ടിയും തമ്മിൽ സുഖസൌകര്യാദികളിൽ വലിയ അന്തരമില്ല. സ്റ്റേഷൻമാസ്റ്റർമാരുടെ സഹായസഹകരണങ്ങൾ കണ്ടാൽ ഏതൊരു കഠിനഹൃദയനും മനസ്സലിയും. തുട്ടിനുവേണ്ടി കഷ്ടപ്പെടുത്തുകയും കണ്ണുരുട്ടുകയും പാഠംപഠിക്കാത്ത കുട്ടികളെ അദ്ധ്യാപകന്മാർ നിരുത്തി കഷ്ണിപ്പിക്കുന്ന മട്ട് ആചരിക്കയും ജപ്പാനിൽ പതിവില്ല. സഞ്ചാരസൌകര്യവും ഉദ്യോഗസ്ഥന്മാരുടെ സഹായസഹകരണങ്ങളും അവരുടെ കരുണാർദ്രസ്വഭാവവും ഇന്ത്യയിലെ തീവണ്ടിയുദ്യോഗസ്ഥന്മാരും ബസ്സുനടത്തിപ്പുകാരും ഒന്നു കണ്ടുപഠിക്കേണ്ടതാണ്.

ജപ്പാൻരാജവംശത്തിന്നു രണ്ടായിരം കൊല്ലത്തെ പഴക്കമുണ്ട്. ഉത്സാഹംകൊണ്ടും സത്യകൃത്യങ്ങളിൽ അഭിരുചിയും സാധുക്കളിൽ കൃപാസാരവും ധമ്മാസക്തിയും മററും ജപ്പാൻകാരുടെ കൂടപ്പിറപ്പുകളായിരുന്നു. ബാൾട്ടിക്ക് കപ്പൽസംഘത്തെ തവിടുപൊടിയാക്കിയതു മുതലാണ് ജപ്പാൻകാരുടെ ഉശിരും യുദ്ധവൈദഗ്ദ്ധ്യവും പ്രസിദ്ധി പ്രാപിച്ചത്. പൌരസ്ത്യരാജ്യത്തും പ്രബലനായ ഒരു ചക്രവത്തിയുണ്ടായി ഉത്തരോത്തരം (പ്രതിക്ഷണം) അഭിവൃദ്ധി പ്രാപിച്ചുപോരുന്നതു ഭാരതിയക്ക് സന്തോഷകരവും അഭിമാനജനകവുമാകയാൽ ആ രാജ്യത്തിൻെറ അഭ്യുദയാത്ഥം ഭാരതീയർ പ്രതിദിനം ആദിത്യനമസ്കാരം ചെയ്യേണ്ടതാകുന്നു.

എം. കെ. നെട്ടുങ്ങാടി.

---

## അമരികേശതൈലം

കേശത്തിന്നു നാശമാണെങ്കിലും മിനുക്കപണിയിൽ മിനക്കേട്ട വദ്ധിച്ചാണ് വരുന്നത്. ആ സ്ഥിതിക്ക് ഉള്ള തലച്ചോറു പുകഞ്ഞുപോകാതിരിക്കുന്നതിന്നു നാടൻ തൈലങ്ങളുടെ ഉപയോഗം അത്യാവശ്യമായിരിക്കുന്നു. മേല്പറഞ്ഞ തൈലം തലക്കു തണുപ്പും വാസനയും ഉണ്ടാക്കുന്നതും തലവേദനയില്ലാതാക്കുന്നതുമാകയാൽ വിദ്യാത്ഥിലോകത്തിന്നു വിശേഷിച്ചും ഇതൊരനുഗ്രഹമായിത്തീൎന്നിട്ടുണ്ട്. കുപ്പി ഒന്നുക്ക് ൧ ണ. വിലയുള്ള ഈ കേശതൈലം ക്ലേശംകൂടാതെ കിട്ടുന്നതിന്നുവേണ്ടി ഔഷധശാലകളിലെല്ലാം വില്പനക്കു് ഏപ്പാട്ട ചെയ്തിട്ടുണ്ട്. എറണാകുളത്തെ വിഖ്യാതമായ സുഖോദയം വൈദ്യശാലാമന്ദിരമാണ് ഇതിൻെറ ഉത്ഭവസ്ഥാനം.

---